# വിവേകോദയം.

"ശ്രീനാരായണ ധർമ്മ പരിപാലന" യോഗം വക ഒരു മാസാന്ത പുസ്തകം.

VIVEKODAYAM.

THE ORGAN OF THE S. N. D. P. YOGAM.

PUBLISHED MONTHLY.

പുസ്തകം XI. } ചിങ്ങം. { നമ്പർ .5

## സദാചാരം.

---

### മഹാന്മാരുടെ വിചാരങ്ങളും ഉപദേശങ്ങളും.

ആരിലും ദ്വേഷമില്ലാതെയും എല്ലാ പ്രാണികളിലും സ്നേഹത്തോടും കരുണയോടും കൂടിയും സ്വാത്ഥം; അഹങ്കാരം, ഇവയില്ലാതെയും, സുഖദുഃഖങ്ങളിൽ തുല്യഭാവത്തോടുകൂടിയും എപ്പോഴും സന്തുഷ്ടനായും ജിതേന്ദ്രിയനായും, ദൃഢനിശ്ചയമുള്ളവനായും മനസ്സും ബുദ്ധിയും എന്നിൽ അർപ്പിച്ചിട്ടും ആർ ജീവിക്കുന്നുവോ ആ യോഗി എന്റെ പ്രിയനാകുന്നു.

ഭഗവൽഗീത.

ദൈവം ദൂരത്താണെന്നുള്ള വിശ്വാസം എത്രനാൾവരെ ഉണ്ടോ അതുവരെ മനുഷ്യൻ അജ്ഞാനിതന്നെ. തന്നിൽ സ്ഥിതിചെയ്യുന്ന ദൈവത്തെ കണ്ടെത്തുന്നതാണു് വിജ്ഞാനം.

ശ്രീ രാമകൃഷ്ണ പരമഹംസർ.

മടയന്മാർ ആശിക്കുകയും അതു സാധിക്കാഞ്ഞാൽ പിറുപിറുക്കയും ചെയ്യുന്നു. എന്നാൽ വിദ്വാന്മാരൊ പ്രവൃത്തിക്കുകയും ക്ഷമയോടെ അതിന്റെ ഫലത്തിന്നായി കാത്തിരിക്കയും ചെയ്യുന്നു.

മനുഷ്യന്റെ ശരീരം അവന്റെ ചിന്താശക്തിപോലെ പരിണമിക്കുന്നു.

മെയ്ംസ് അല്ലൻ.

മൃഗസ്വഭാവവും മനുഷ്യത്വവും, ദൈവത്വവും കൂടിയ ഒരു സങ്കലനദ്രവ്യമാണു് മനുഷ്യൻ.

ആന്തരമായ ഒരു ഉദ്ദേശ്യം ഇല്ലാതെയും, പ്രവൃത്തിയിൽ അതിനെ പ്രതിഫലിപ്പിക്കാതെയും യാതൊന്നും ചെയ്യരുത്.

വിവേകാനന്ദസ്വാമി.

## മനസ്സുപോലെ മംഗലം.

(തുടർച്ച)

ദാരിദ്ര്യവും, അതിഭോഗവും ദൗർഭാഗ്യത്തിന്റെ രണ്ടറ്റങ്ങളാണ്. ഇതു രണ്ടും, ഒന്നുപോലെ അസ്വാഭാവികവും അതുകൊണ്ടു മനോവൈകല്യത്തിന്റെ ഫലവുമത്രേ. ഒരുത്തനു സുഖവും ആരോഗ്യവും ക്ഷേമവുമില്ലെങ്കിൽ അവൻ ശരിയായ സ്ഥിതിയിൽ ഇരിക്കയില്ല. സുഖം, ആരോഗ്യം, ക്ഷേമം ഇവ ഒരുത്തനു് അവന്റെ വെളിയിലുള്ള സ്ഥിതിയോടു മാനസാവസ്ഥയെ ശരിയായി രഞ്ജിപ്പിക്കുന്നതിൽ നിന്നുണ്ടാകുന്നതാണ്.

പിറുപിറുപ്പും, പരനിന്ദയും കൈക്കളഞ്ഞു ജീവിതത്തെ ക്രമപ്പെടുത്തുന്ന ധർമ്മരഹസ്യം കണ്ടുപിടിപ്പാൻ നോക്കുമ്പോൾ മാത്രമേ ഒരുത്തൻ മനുഷ്യനാവാൻ തുടങ്ങുന്നുള്ളു. മനസ്സിനെ ആ മറഞ്ഞു കിടക്കുന്ന ധർമ്മത്തോടു യോജിപ്പിക്കുമ്പോൾ തന്റെ കഷ്ടതയെപ്പററി മററുള്ളവരെ കുററംപറയുന്ന ശീലം നിന്നു പോകും; ശക്തിമത്തും ഉൽകൃഷ്ടവുമായ വിചാരങ്ങൾ ഉണ്ടായി അവ തന്റെ ജീവിതത്തെ നവീകരിക്കും. തൽക്കാലസ്ഥിതിയിൽ വെറുപ്പുതോന്നാതിരിക്കയും അതിനെ തന്റെ ശീഘ്രമായ മേൽഗതിയേ സഹായിക്കുന്നതിനും തന്നിൽ അടങ്ങിക്കിടക്കുന്ന ശക്തികളേയും യോഗ്യതകളേയും വെളിപ്പെടുത്തുന്നതിനുമായി ഉപയോഗിക്കയും ചെയ്യും. ലോകത്തിന്റെ പ്രധാനതത്വം വ്യവസ്ഥയാണ്; കുഴപ്പമല്ല. ജീവിതത്തിന്റെ സാരവും പൊരുളും ന്യായമാണ്; അന്യായമല്ല. ദൈവികമായ ലോകഭരണത്തെ രൂപപ്പെടുത്തുകയും നടത്തുകയും ചെയ്യുന്ന ശക്തി പുണ്യമാണ്; പാപമല്ല. അതുകൊണ്ടു ലോകം ശരിയായിരിക്കുന്നു എന്നു തോന്നാൻ, തന്നെ ശരിയാക്കിക്കൊണ്ടാൽ മതി. അങ്ങിനെ, തന്നെ ശരിപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ മററുള്ളവരേയും അന്യകാര്യങ്ങളേയും സംബന്ധിച്ചു തന്റെ വിചാരങ്ങൾക്കു മാററം ഉണ്ടാകുന്നതു പോലെതന്നെ മററുള്ളവരുടേയും അന്യകാര്യങ്ങളുടേയും സ്വഭാവത്തിനും മാററം വരുന്നതായി കാണാം.

ഇതിന്നു ദൃഷ്ടാന്തം എല്ലാ ആളുകളും തന്നെ. അതുകൊണ്ടു ശരിയായ അന്തർദൃഷ്ടിയും ആത്മപരിശോധനയും കൊണ്ടു ഇതാർക്കും എളുപ്പത്തിൽ കണ്ടുപിടിക്കാം. ഒരുത്തൻ വിചാരത്തിന്റെ പോക്കിനെ അശേഷം മറെറാരുപ്രകാരത്തിൽ മാററിനോക്കട്ടെ; അതുതന്റെ ലോകാവസ്ഥയ്ക്കു എത്ര വേഗത്തിൽ

മോററമുണ്ടാകുന്നു എന്നു കണ്ടു അയാൾക്കു ആശ്ചര്യം തോന്നുന്നതാണു്. വിചാരത്തെ രഹസ്യമായി വെച്ചുകൊള്ളാമെന്നു ജനങ്ങൾ വിചാരിക്കുന്നു. അതു സാദ്ധ്യമല്ല. വിചാരം വേഗത്തിൽ ശീലമായി ഉറയ്ക്കുന്നു. ശീലം തന്റെ സ്ഥിതിയായി പരിണമിക്കയും ചെയ്യുന്നു. മൃഗതുല്യമായ വിചാരങ്ങൾ, കുടി, സ്ത്രീസേവ ഇതിൽ അനുസക്തിയുള്ള ശീലമായി ഉറയ്ക്കുകയും ദാരിദ്ര്യത്തിന്നും രോഗത്തിന്നും ഹേതുവായ സ്ഥിതികളായി പരിണമിക്കയും ചെയ്യുന്നു. എല്ലാവിധത്തിലുമുള്ള അശുഭവിചാരങ്ങളും, കഠിനതയും കുഴപ്പവുമുണ്ടാകുന്ന ശീലങ്ങളായി ഉറയ്ക്കുകയും വെറുപ്പിന്നും ക്ലേശത്തിന്നും കാരണമായ അവസ്ഥകളായി പരിണമിക്കയും ചെയ്യുന്നു. ഭയം, സംശയം, അധൈര്യം ഇവ അടങ്ങിയ വിചാരങ്ങൾ ചാപല്യം, പൌരുഷമില്ലായ്മ, ഉറപ്പില്ലായ്മ, ഇവയുടെ ശീലമായി ഉറയ്ക്കുകയും, തോൽവി, ദാരിദ്ര്യം, ദാസ്യം, ഇവയ്ക്കു ഹേതുവായ അവസ്ഥയായി പരിണമിക്കയും ചെയ്യുന്നു. മടിയുള്ള വിചാരങ്ങൾ വൃത്തികേടും അവിശ്വാസ്യമായി ഉറയ്ക്കുകയും മലിനതയ്ക്കും യാചകവൃത്തിക്കും ഹേതുവായ അവസ്ഥയായി പരിണമിക്കയും ചെയ്യുന്നു. ദ്വേഷവും നിന്ദയുമടങ്ങിയ വിചാരങ്ങൾ ദോഷാരോപണം അക്രമം ഇവയ്ക്കുള്ള ശീലമായി ഉറയ്ക്കുകയും ഉപദ്രവവും ഹിംസയും ഉണ്ടാകുന്ന അവസ്ഥയായി പരിണമിക്കയും ചെയ്യുന്നു. സ്വാത്ഥമായ എല്ലാ വിചാരങ്ങളും സ്വാത്ഥപ്രതിപത്തിയുടെ ശീലമായി ഉറയ്ക്കുകയും ഏറെക്കുറെ ക്ലേശജനകമായ അവസ്ഥയായി പരിണമിക്കയും ചെയ്യുന്നു. നേരെമറിച്ചു എല്ലാതരത്തിലുമുള്ള രമണീയമായ വിചാരങ്ങൾ സൌജന്യം, സ്നേഹം, ഇവയ്ക്കു കാരണമായ ശീലമായി ഉറയ്ക്കുകയും, ആനന്ദപ്രദവും ശുഭവുമായ അവസ്ഥകളായി പരിണമിക്കയും ചെയ്യുന്നു. ശുദ്ധവിചാരങ്ങൾ മനസ്സിനെ പ്രമാദമില്ലാത്തതും നിയന്ത്രിതവുമാക്കി വെച്ചുകൊള്ളുന്ന ശീലമായി ഉറയ്ക്കുകയും സമാധാനവും, ശാന്തതയുമുണ്ടാകുന്ന അവസ്ഥയായി പരിണമിക്കയും ചെയ്യുന്നു. ധൈര്യം ആത്മവിശ്വാസം നിശ്ചയബുദ്ധി ഇവ അടങ്ങിയ വിചാരങ്ങൾ പുരുഷത്വമുള്ള ശീലമായി ഉറയ്ക്കുകയും, വിജയം ഐശ്വര്യം സ്വാതന്ത്ര്യം ഇവയ ഉണ്ടാകുന്ന അവസ്ഥയായി പരിണമിക്കയും ചെയ്യുന്നു. ഉത്സാഹയുക്തമായവിചാരം; ശുചിത്വം, വ്യവസായം, ഇവയ്ക്കു ഹേതുവായ ശീലമായി ഉറയ്ക്കുകയും സന്തോഷകരമായ അവസ്ഥയായി പരിണമിക്കയും ചെയ്യുന്നു. സൌമ്യവും ക്ഷമായുക്തവുമായ വിചാരങ്ങൾ സൌമ്യതയുള്ള ശീലമായി ഉറയ്ക്കുകയും രക്ഷയ്ക്കും, പാലനത്തിന്നു, ഹേതുവായ അവസ്ഥയായി പരിണമിക്കയും ചെയ്യുന്നു. സ്നേഹയുക്തവും സ്വാത്ഥരഹിതവുമായ വിചാരങ്ങൾ അന്യക്കുവേണ്ടി തന്നെത്താൻ മറക്കുന്ന ശീലമായി ഉറയ്ക്കുകയും വളരെക്കാലം നില നില്ക്കുന്നതും സ്ഥിരവുമായ ഐശ്വര്യത്തേയും വാസ്തവമായ ധനത്തെയും നൽകുന്ന അവസ്ഥയായി പരിണമിക്കയും ചെയ്യുന്നു.

നല്ലതോ ചീത്തയോ ആകട്ടെ ഒരു വിചാരം സ്ഥിരമായി ഉരുത്തന്നു അതിന്റെ ശരിയായഫലം അവന്റെ ശീലത്തിലും അവ ണ്ടായിരുന്നാൽ

സ്ഥയിലും ഉണ്ടാകാതെ പോകുന്നതല്ല. ഒരുത്തനു തന്റെ അവസ്ഥയെ പെട്ടന്നു ഇഷ്ടംപോലെ തിരഞ്ഞെടുത്തു കൊള്ളാൻ കഴികയില്ല; എങ്കിലും തന്റെ വിചാരങ്ങളെ തിരഞ്ഞെടുക്കാവുന്നതും അതുവഴിയായി ക്രമേണ ആണെങ്കിലും നിശ്ചയമായി തന്റെ അവസ്ഥയെ രൂപപ്പെടുത്താവുന്നതുമാണു്.

(തുടരും.)

---

# രാജയോഗം.

## അനുബന്ധം

## ശ്വേതാശ്വതരോപനിഷത്

## അദ്ധ്യായം ൨.

൨. ന്യ. ഴ്. അഗ്നിയെ മഥിക്കയും, വായുവിനെ നിയമിക്കയും, സോമരസം വർദ്ധിക്കുകയും ചെയ്യുന്നതെവിടെയൊ അവിടെ സിദ്ധി ഉണ്ടാകുന്നു. മാറിടവും, കഴുത്തും, ശിരസ്സും ചെവ്വേ ആക്കി നിവൎന്നിരുന്നുകൊണ്ടു യോഗി ഭയങ്കരമായ സംസാര സമുദ്രത്തിന്റെ തിരമാലകളെ ബ്രഹ്മമാകുന്ന തോണിയേറി കടന്നു പോകുന്നു.

യഥാക്രമം അഭ്യാസംചെയ്തു ആകുമ്പോൾ, പ്രാണൻ വശമാകുന്നു. പ്രാണന്റെ ഗതിവേഗം ശാന്തമാകുമ്പോൾ ശ്വാസം മൂക്കിന്റെ ദ്വാരങ്ങളിൽ കൂടിതന്നെ സഞ്ചരിക്കുന്നു. നിത്യാഭ്യാസിയായ യോഗിക്കു മനസ്സു, സമൎത്ഥനായ സാരഥിക്കു പിണങ്ങുന്ന കുതിരകൾ എന്നപോലെ വശമാകുന്നു.

ഗിരി ഗുഹമുതലായവപോലുള്ള വിജനപ്രദേശങ്ങളിൽ, ചരലോ മണലൊ ഇല്ലാത്ത നിരപ്പുള്ള തറകളിൽ, അശുചികളുടെയൊ മനുഷ്യരുടേയോ ഉപദ്രവകരങ്ങളായ ശബ്ദങ്ങൾ യാതൊന്നും ഇല്ലാത്തതും, മനസ്സിനും ദൃഷ്ടിക്കും ഇണങ്ങിയതു മായ സ്ഥലങ്ങളിൽ ഇരുന്നുവേണം യോഗം അഭ്യസിപ്പാൻ

ഹിമം, ധൂമം, സൂൎയ്യൻ വായു അഗ്നി, മിന്നാമിനുങ്ങു മിന്നൽ സ്ഫടികം ചന്ദ്രൻ, ഇവപോലുള്ള രൂപങ്ങൾ പ്രത്യക്ഷമാകുന്നതായിത്തോന്നുമ്പോൾ ക്രമേണ യോഗത്തിൽ ബ്രഹ്മസാക്ഷാൽ കാരം ഉണ്ടായിത്തുടങ്ങുകയാകുന്നു.

ഭൂമി, ജലം പ്രകാശം, അഗ്നി, ആകാശം ഇവയുടെ യൌഗിക പ്രത്യക്ഷം ഉണ്ടായിത്തുടങ്ങുമ്പോൾ യോഗസിദ്ധി ആരംഭിക്കുന്നു. യോഗാഗ്നിയാൽ നിൎമ്മിതമായ ശരീരമുള്ളവനു രോഗമൊ വാൎദ്ധക്യമൊ, മരണമൊ യാതൊന്നും ഉണ്ടാകുന്നില്ല.

അംഗലാഘവം, ആരോഗ്യം, തൊലിക്കു മാർദ്ദവം, പ്രസന്നമായ മുഖ
കാന്തി മധുരമായ സ്വരം ശരീരത്തിൽ മനോജ്ഞമായ ഒരു ഗന്ധം ഇവയാ
ണ് യോഗസിദ്ധിയുടെ ആദ്യലക്ഷണങ്ങൾ.

പൊന്നൊ വെള്ളിയൊ ആദ്യം മണ്ണും മററും കൊണ്ടുമറഞ്ഞിരുന്നു.
ട്ടെറവിൽ ഉലയിൽ വെച്ചൂതി കഴുകി എടുക്കുമ്പോൾ പ്രകാശത്തോടുകൂടി തിള
ങ്ങുന്നു. അതുപോലെ ശരീരബദ്ധനായ ജീവൻ ആത്മാവിന്റെ സ്വാത്മ്യ
വസ്ഥയെ ഏകമായി കണ്ടിട്ടു കൃതാർത്ഥനായും ദുഃഖരഹിതനായും ഭവിക്കുന്നു.

---

## ബൃഹദാരണ്യകത്തിൽ നിന്നു ശങ്കരാചാര്യർ ഉദ്ധരിച്ചിരിക്കുന്നതു്.

---

"വിധിപ്രകാരം ഇഷ്ടംപോലുള്ള ആസനങ്ങൾ പരിചയിച്ചു ക
ഞ്ഞിട്ടു അല്ലയൊ ഗാർഗ്ഗി! ജിതാസനനായ ആൾക്കു പിന്നെ പ്രാണായാമം
ശീലിക്കാം.

"തറയിൽ ദർഭപുല്ലുവിരിച്ചു അതിന്മേൽ തോലിട്ടു പഴങ്ങളും മററു മ
ധുരദ്രവ്യങ്ങളും കൊണ്ടു ഗണപതിയെ പൂജിച്ചു, ആസനത്തിന്മേൽ ഇരുന്നു,
വലത്തേകൈ ഇടത്തേക്കാലിന്റെയും ഇടത്തേകൈ വലത്തേക്കാലിന്റെയും
മുട്ടിന്മേൽവെച്ചു കഴുത്തും, തലയും ചെവ്വേ ആക്കി നിവർന്നിരുന്നു, ചുണ്ടുകൾ
ദൃഢമായി അമർത്തിക്കൊണ്ടു കിഴക്കോട്ടോ വടക്കോട്ടോ അഭിമുഖമായി
ദൃഷ്ടികൾ നാസാഗ്രത്തെ ലാക്കുമാക്കി നിർത്തണം. അമിതാഹാരവും, ഉപ
വാസവും, അരുതു്. ഇങ്ങിനെ മുൻപറഞ്ഞ വിധിപ്രകാരം നാഡിശുദ്ധി അ
ഭ്യസിക്കണം അതില്ലെങ്കിൽ യോഗാഭ്യാസം ഒന്നും ഫലിക്കയില്ല. * പിംഗ
ലയുടേയും * ഇഡയുടേയും മദ്ധ്യേ "ഹം" എന്ന ബീജാക്ഷരത്തെ ചിന്തിച്ചു പ
ന്ത്രണ്ടുമാത്രകൾ (നിമിഷങ്ങൾ) കൊണ്ടു ഇഡയിൽ കൂടി വായുവിനെ മേൽ
പോട്ടു പിടിച്ചു നിറയ്ക്കണം. എന്നിട്ടു മേല്പണ്ടെ സ്ഥാനത്തു തന്നെ അഗ്നി
യേയും 'രാ' എന്ന അക്ഷരത്തേയും ധ്യാനിക്കണം. ധ്യാനത്തിനിടയിൽ ക്ര
മേണ പിംഗലയിൽ കൂടി വായുവിനെ പുറത്തേക്കു വിടണം. വീണ്ടും അതുപോ
ലെതന്നെ പിംഗലയിൽകൂടി പിടിച്ചു ക്രമേണ ഇഡയിൽകൂടി പുറത്തേക്കു
വിടണം, ഇങ്ങിനെ മൂന്നൊ നാലൊ കൊല്ലമൊ മൂന്നോ നാലൊ മാസമൊ,
ഗുരു ഉപദേശിക്കുന്ന പോലെ വിജനസ്ഥലത്തു ഇരുന്നു രാവിലെയും ഉച്ചക്കും
വൈകുന്നേരവും പാതിരായ്ക്കും മുടങ്ങാതെ നാഡികൾ എല്ലാം ശുദ്ധിയാകുന്ന
വരേ അഭ്യസിക്കണം. നാഡികൾ ശുദ്ധമായാൽ ഉള്ള ലക്ഷണങ്ങൾ: ശരീ
രത്തിന്നു ലാഘവം മുഖത്തിന്നു പ്രസന്നത നല്ല വിശപ്പു നാദശ്രവണം ഇവ

* 'ഇഡ' മൂക്കിന്റെ ഇടത്തെ ദ്വാരം 'പിംഗല' വലത്തെ ദ്വാരം

യാണ്. പിന്നെ, രേചകപൂരകകുംഭകങ്ങളാകുന്ന പ്രാണായാമങ്ങളെ അഭ്യസിക്കാം. പ്രാണനെ അപാനനോടു യോജിപ്പിക്കുന്നതിനാണു പ്രാണായാമം എന്നു പറയുന്നത്.

"ശരീരത്തെ വായുകൊണ്ടു കേശാദിപാദം പതിനാറു മാത്രകൾകൊണ്ടു പൂരിപ്പിക്കയും മുപ്പത്തിരണ്ടു മാത്രകൾകൊണ്ടു രേചിപ്പിക്കയും ൬൪ മാത്രകൾ കുംഭകം ചെയ്യുകയും ചെയ്യണം."

"വേറൊരുവിധം പ്രാണായാമം ഉണ്ട്. അതിൽ പൂരകം പതിനാറു മാത്രകൊണ്ടു ചെയ്തു ഉടൻ അറുപത്തിനാലു മാത്രകുംഭകം ചെയ്തു ഒടുവിൽ മുപ്പത്തിരണ്ടു മാത്രകൊണ്ടു രേചകം ചെയ്യുക ആകുന്നു.

"പ്രാണായാമംകൊണ്ടു ശരീരമലം നീങ്ങുന്നു ധാരണകൊണ്ടു മനോമലം നീങ്ങുന്നു പ്രത്യാഹാരംകൊണ്ടു സംഗമലം നീങ്ങുന്നു. സമാധികൊണ്ടു ആത്മാവിന്റെ ഈശ്വരത്വത്തെ മറയ്ക്കുന്ന സകല ഉപാധികളും നീങ്ങിപ്പോകുന്നു."

---

## യജുർവേദികളുടെ.
# സന്ധ്യാക്രമം.

(ശിവപ്രസാദസ്വാമി)

ആര്യാവർത്തത്തിലുള്ള ജനങ്ങളിൽ അധികംപേരും സംസാരിക്കുന്ന ഭാഷ ഹിന്ദുസ്ഥാനിയാണ്. ഹിന്ദുസ്ഥാനികളിൽ ഭൂരിപക്ഷക്കാരും യജുർവേദികളാണ്. ഇവരുടെ സന്ധ്യാക്രമത്തെ പഠിച്ചതുപോലെ ഇവിടെ ചേർക്കുന്നത് നമ്മുടെ ഭക്തന്മാരുടെ ഉപയോഗത്തെ ഉദ്ദേശിച്ചാകുന്നു. അവരിൽ ഒരാളെങ്കിലും ഇതു പഠിച്ച് സന്ധ്യാനുഷ്ഠാനത്തെ ക്രമമായി നടത്തുവാൻ ഈ ലേഖനം ഉപയുക്തമായെങ്കിൽ അതുതന്നെ ഇതിന്റെ കൃതാർത്ഥത. ഉത്തമ ഹിന്ദുക്കളായി ജീവിപ്പാൻ വിചാരിക്കുന്നവർ സന്ധ്യാനുഷ്ഠാനത്തെ ക്രമമായി ആചരിക്കേണ്ടതാകുന്നു. യജുർവേദപ്രകാരമുള്ള സന്ധ്യയിൽ പല ഭാഗങ്ങളുണ്ട്. അതിൽ പ്രധാനമായതു വിഷ്ണുസ്മരണമാകുന്നു. വിഷ്ണുധ്യാനത്തിൽ ഉപയോഗിക്കേണ്ടതായ മന്ത്രം താഴെ ചേർക്കുന്നു.

മന്ത്രം.

ഓം അപവിത്രഃ പവിത്രോ വാ സർവ്വാവസ്ഥാം ഗതോപി വാ
യഃ സ്മരേൽ പുണ്ഡരീകാക്ഷം സ ബാഹ്യാഭ്യന്തരം ശുചിഃ

ഭാവാർത്ഥം.

ശുദ്ധമോ അശുദ്ധമോ ആയോ വേറേ എന്തവസ്ഥയിലെങ്കിലുമായോ ഇരുന്നാലും തരക്കേടില്ല, താമരക്കണ്ണനെ മനസ്സിൽ സ്മരിക്കുന്നുവെങ്കിൽ അ

വൻ ബാഹ്യവും ആഭ്യന്തരവുമായ ശുദ്ധിയെ പ്രാപിക്കും സംശയമില്ല. ഈ അന്തരത്തെ സ്മരിക്കുകയും മന്ത്രത്തെ ഉച്ചരിക്കയും ചെയ്യുമ്പോൾ വലത്തുകൈയിൽ ജലം എടുത്തു് തന്റെ പുറം തളിക്കണം. മന്ത്രം ഉച്ചരിക്കുന്നതുകൊണ്ടു മാത്രം ആയില്ല. നല്ലവണ്ണമായി ഈ അർത്ഥത്തെ വിചാരിക്കണം. വിഷ്ണുവിനെ നല്ലവണ്ണമായി ധ്യാനിച്ചതിന്റെ ശേഷം, "ഞാൻ വിശുദ്ധനായി, എന്നിൽ ഒരശുദ്ധിയും ഇല്ല; ഞാൻ പരിശുദ്ധനാകുന്നു" എന്നു് ബലമായി സങ്കല്പിക്കണം. എന്നാൽ നിസ്സംശയം ഇതു മഹത്തായ ഗുണത്തെ ഉണ്ടാക്കുമെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം.

## ആചമനം.

ഈ ഭാഗത്തിലുള്ള ക്രിയയിൽ ഒട്ടുംമുമ്പേ ആചമനം എന്താണെന്നറിയാം. ഹിന്തുക്കളുടെ എല്ലാ കർമ്മങ്ങളിലും മുന്നിട്ടുനിൽക്കുന്ന ഒരു കർമ്മമാണു് ഇതു. അതുകൊണ്ടു് അതിനെ നല്ലവണ്ണം എല്ലാവരും അറിയേണ്ടതാകുന്നു.

പൂജാദികളിലും തർപ്പണാദികളിലും എന്നുവേണ്ട ശരീരയാത്രക്കുള്ള എല്ലാ വിശിഷ്ടകർമ്മങ്ങളിലും പ്രധാനമായി ചെയ്യേണ്ടതു് ആചമനമാകുന്നു. ലവലേശം അശുദ്ധിയുടെ സന്ദേഹം ഉണ്ടാകുന്ന എല്ലാ ശൌചക്രിയകളുടെ അന്ത്യത്തിലും ആചമനം ചെയ്യേണ്ടതാകുന്നു. ആചമനം എന്നാൽ ജലം ഉള്ളംകയ്യിൽ ചേർത്തു ചില മന്ത്രോച്ചാരണാനന്തരം പാനം ചെയ്യുകയാണെന്നു് സാമാന്യമായിപ്പറയാം. ഈ ജലകണം ഒരു പയറിനെ മുക്കുവാൻ ഉള്ള പരിമാണത്തിൽ അധികരിച്ചുപോകരുതെന്നാണു് നിയമം (൧) മൂന്നു പ്രാവശ്യം ഇങ്ങനെ ജലം കുടിക്കണം. (൨) രണ്ടു പ്രാവശ്യം വലതുകൈ പെരുവിരലിനടുത്ത ഉൾഭാഗം കൊണ്ടു് അധരത്തെ തുടയ്ക്കണം. (൩) മധ്യത്തിലുള്ള മൂന്നു വിരലുകളേയും ഒന്നായിചേർത്തു മുഖത്തെ (അധരത്തെ) സ്പർശിക്കണം. (൪) തള്ളവിരലും ചൂണ്ടാണിവിരലും കൊണ്ടു് നാസികയുടെ ദ്വാരങ്ങളെ സ്പർശിക്കണം. (൫) തള്ളവിരലും മോതിരവിരലുംകൊണ്ടു് നയനങ്ങളുടെ ദ്വാരങ്ങളേയും ചെവികളേയും സ്പർശിക്കണം. (൬) ചെറുവിരൽകൊണ്ടു് നാഭിയെ സ്പർശിക്കണം. (൭) ഹൃദയത്തെ കരമധ്യംകൊണ്ടു് സ്പർശിക്കണം. (൮) എല്ലാ വിരലുകളേയുംകൂട്ടി തലയെ തൊടണം. (൯) പിന്നെ വിരലുകളുടെ അഗ്രങ്ങൾ കൊണ്ടു് ഇരുകരങ്ങളേയും സ്പർശിക്കണം. അതായതു് ശരീരത്തിന്റെ എല്ലാ പ്രധാനദ്വാരങ്ങളേയും അംഗങ്ങളേയും ജലംതൊട്ടു് കൊണ്ടു് തടവി അയസ്കാന്തശക്തിയെ അവയിൽ പ്രവേശിപ്പിച്ചു് ശുചീകരിക്കണം. വിചാരത്തോടുകൂടിയായാൽ ഇതിനു് അതിശയകരമായ ഗുണമുണ്ടാകുമെന്നതിന്നു് മെസ്മരിസവും ഹിപ്നോട്ടിസവും മററും പ്രചരിച്ചിരിക്കുന്ന ഈ കാലത്തു് പ്രത്യേകം യുക്തികളോ തെളിവുകളോ വേണമെന്നില്ലല്ലോ? ജലം പാനംചെയ്യുന്നതു വലത്തെ ഉള്ളം കൈയ്യിന്റെ തള്ളവിരലിനു് സമീപമുള്ള രേഖയിൽകൂടിയായിരിക്കേണ്ടതാകുന്നു. അതായതു തള്ളവിരലിന്റെ മൂലഭാഗത്തിൽ

ചേൎന്നജലം എന്ന് ഗ്രഹിച്ചാൽ മതിയാകുന്നതാകുന്നു, കരമദ്ധ്യത്തിന്റെ പലേ സ്ഥാനങ്ങളിൽ ചേൎന്ന ജലത്തിന് പലേ നാമങ്ങളാണ് കൊടുത്തിട്ടുള്ളത്. തള്ള വിരലിന്റെ മൂലഭാഗത്തിൽ ചേൎന്ന ജലത്തിന് ബ്രഹ്മതീൎത്ഥമെന്നും, ചെറുവിരലിന്റെ മൂലഭാഗത്തിൽ ചേൎന്ന ജലത്തിന്ന് പ്രജാപതി തീൎത്ഥമെന്നും, ചൂണ്ടു വിരലിന്റെ മൂലഭാഗം ചേൎന്നജലത്തിന് പിതൃതീൎത്ഥമെന്നും വിരലുകളുടേ അഗ്രങ്ങളിൽ ചേൎന്ന ജലത്തിന്ന് ദേവ തിൎത്ഥമെന്നും ഋഷീശ്വരന്മാർ നാമകരണം ചെയ്തിരിക്കുന്നു. ബ്രഹ്മതീൎത്ഥം ആചമനത്തിന്നും, പിതൃതീൎത്ഥം പിതൃക്കൾക്കുള്ള തൎപ്പണങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നു. ആചമനത്തിന്നു് വേണ്ടി സൎവ്വസാധാരണമായി വേദങ്ങളിലേ മന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്

## ആചമന മന്ത്രം.

൧. ഓം ഋഗ്വേദായ സ്വാഹാ
൨. ഓം യജുർ വേദായ സ്വാഹാ
൩. ഓം സാമ വേദായ സ്വാഹാ
൪. ഓം അഥൎവ്വവേദായ സ്വാഹാ

മേല്പറഞ്ഞ മൂന്നു മന്ത്രങ്ങളേ ഉച്ചരിച്ചുകൊണ്ടു് മൂന്നുരു ആചമനം ചെയ്യണം. നാലാമത്തെ മന്ത്രോച്ചാരണ സമേതം കൈകഴുകി ശുദ്ധനായെന്നു സങ്കല്പിക്കണം. സ്വാഹാ എന്ന ശബ്ദംകൊണ്ടു് എല്ലാവൎക്കും നന്മയെ ആശംസിക്കുകയാകുന്നു. (സു=നന്മ; ആഹാ=എല്ലാവൎക്കും)

## ശിഖാ ബന്ധനം (കുടുമകെട്ടൽ)

മന്ത്രം:—ഓം ബ്രഹ്മവാക്യസഹസ്രേണ
ശിവ വാക്യശതേന വാ!
വിഷ്ണോൎന്നാമസഹസ്രേണ
ശിഖാ ഗ്രന്ഥിം കരോമ്യഹം.

ഓം ഭൂർഭുവഃ സ്വഃ, തത് സവിതുൎവ്വരേണ്യം ഭൎഗ്ഗോദേവസ്യ ധീമഹി, ധിയോ യോനഃ പ്രചോദയാത്. ഓം ॥

(ഇതു് ഗായത്രീ മന്ത്രമാകുന്നു.)

മേല്പറഞ്ഞ രണ്ടു മന്ത്രങ്ങളേയും ഉച്ചരിച്ചുകൊണ്ടു് വേണം ശിഖയേ ബന്ധിക്കുന്നതു്. മുമ്പേ ബന്ധിച്ചശിഖാ ഭാരമെങ്കിൽ മന്ത്രം ചൊല്ലി ജലം തൊട്ടു ഹസ്തംകൊണ്ടു് സ്പൎശിച്ചാൽ മതിയാവുന്നതാകുന്നു.

(തുടരും)

+ ഈ മന്ത്രം കണ്ഠസ്ഥമായാൽ മററുള്ള കൎമ്മങ്ങൾ എളുപ്പമായി തീരുന്നതാകുന്നു.

# ഒരു ദൈവികമായ പ്രതികാരം.

## ഒന്നാം അദ്ധ്യായം.

### പ്രതാപഗ്രഹത്തിലെ ജനക്കൂട്ടം.

ഉന്നതമായ പശ്ചിമ ഘട്ടനിരയിൽ നിന്നു വമ്പിച്ച പർവ്വതമായ പ്ര
താപഗ്രഹം വേർതിരിഞ്ഞ് പൊങ്ങി നില്ക്കുന്നു. അതിന്റെ ചരിവുകൾ തുക്കാ
യും, അടിവാരങ്ങൾ, വന്മരങ്ങൾ നിറഞ്ഞ കാടുകളാൽ നിബിഡമായു മിരിക്കു
ന്നു. മുകൾ പ്പരപ്പ് നിരപ്പുള്ള ഭൂമിയാണ്. അതിൽ ഭവനങ്ങളും സാമാന പ്പുരക
ളും കെട്ടാൻ വേണ്ട സ്ഥലമുണ്ടായിരുന്നു. ശുദ്ധജലം ഒഴുകി ക്കൊണ്ടിരുന്ന ഉറവു
കളും ധാരാളമുണ്ടായിരുന്നു. അതുകൊണ്ടു അധികം പടയാളികൾക്ക് അവിടെ
താമസിച്ച് അതിനെ ശത്രുക്കളുടെ ആക്രമത്തിൽ നിന്നു രക്ഷിച്ചു കൊൾവാൻ
എളുപ്പമായിരുന്നു. പണ്ടു പണ്ടേ മഹാരാഷ്ട്ര പ്രഭുക്കന്മാരും ഒടുവിൽ അവരെ
കീഴടക്കിയ മഹമ്മദീയരും പല കാലങ്ങളിലായി ഇവിടെ കോട്ടകളും ഗോപുര
ങ്ങളും, കെട്ടി അതിന്റെ സഹജമായ ദുർഗ്ഗതയെ അധികം വർദ്ധിപ്പിച്ചിരുന്നു. മു
കളിലേക്കു ഒരുവഴിമാത്രമേ ഉണ്ടായിരുന്നുള്ളു. അതും ഇപ്പോഴത്തെ വെട്ടുവഴി
കൾ പോലെ ചെവ്വും നിരപ്പുമുള്ളതല്ലായിരുന്നു. അതിന്റെ മുകളിലത്തെ താ
ററത്ത് ഉഗ്രമായ ഒരുകോട്ടവാതൽ ഉണ്ടായിരുന്നു. ഈ കാരണങ്ങളാൽ വെറും
സാധാരണമായ രക്ഷ കൊണ്ടു തന്നെ ഈ സ്ഥലം പുറത്തുനിന്നു ശത്രുക്കൾക്ക്
ആക്രമിപ്പാൻ പാടില്ലാത്തവണ്ണം അത്ര ഉറപ്പുള്ളതായിരുന്നു. പറവാൻ പോകു
ന്ന കഥ നടന്ന കാലത്ത് മഹാരാഷ്ട്ര ചരിത്രത്തിലെ പ്രധാന നായകനായ ശി
വാജി ഭോസിലേ തന്റെ മലം കോട്ടകളിൽ ഒക്കേയും വെച്ച് ഇതിനെ അധി
കം ഇഷ്ടപ്പെട്ടു തിരഞ്ഞെടുത്ത് തലസ്ഥാനമാക്കിയിരുന്നു.

ക്രിസ്തുവർഷം ൧൨൯൪-ൽ ദില്ഹിയിലേ അപ്പോഴത്തെ രാജാവിന്റെ
മരുമകനായ അല്ലാവുദ്ദീൻ ഡക്കാൻരാജ്യം ആക്രമിച്ചപ്പോൾ, ഇപ്പോൾ നാം
ദൌലത്തബാദ് എന്നുവിളിക്കുന്ന ദേവഗിരിയിലെ കോട്ടയും നഗരവും രാജാ
വായ രാമദേവ ജാദോവിന്റെ കീഴിലായിരുന്നു. ആ മുഴുവൻ രാജ്യത്തിന്നും
അദ്ദേഹം തന്നെ രാജാവായിരുന്നു എന്നും തോന്നുന്നു. ജാദോ രാജകുഡുംബം
ക്ഷയിച്ചതിൽ പിന്നെ മററൊരു രാജാവോ പ്രഭുവോ മഹമ്മദീയരോടു എതൃക്കാ
ഞ്ഞതിനാൽ അവർ ശക്തിയിൽ വർദ്ധിച്ചു വർദ്ധിച്ചു ഡക്കാനിന്റെ മദ്ധ്യമായ
ഗുൽബാർഗയിൽ ഒരുരാജ്യം സ്ഥാപിച്ച് വലിയ വന പ്രദേശങ്ങളിൽ പട്ടാ
ണങ്ങളെ പാർപ്പിക്കുകയും ഉപയോഗിക്കാതെ കിടന്ന മലകളിൽ പുതിയ കോ

ട്ടുകൾ കെട്ടുകയും മുമ്പുണ്ടായിരുന്ന മലംകോട്ടകളെ നന്നാക്കി ബലപ്പെടുത്തുകയും ക്രമേണ ഡക്കാൻ മുഴുവൻ കീഴടക്കുകയും ചെയ്തു.

ഏററവും പുരാതനമായ മഹാരാഷ്ട്ര കുഡുംബങ്ങളിൽ ഒന്നായിരുന്നു ഭോസിലെവംശം. സമുദായസ്ഥിതിയിൽ ആ കുഡുംബം ഏററവും ഉയൎന്നതായിരുന്നില്ലാ. ജാദോ വംശക്കാർ രാജ്യാധികാരം കൈവിട്ടു പോയതിൽ പിന്നെ ആ സമിതിയിൽ നിന്നു താണജന്മിക്കാരും തങ്ങളുടെ പൂൎവ്വന്മാർ ഭരിച്ചിരുന്ന ജില്ലകളിൽ പാരമ്പൎയ്യമനുസരിച്ച് പ്രധാന ഉദ്യോഗസ്ഥന്മാരും ആയി തീൎന്നു. സാധാരണമായി ജാദോ വംശക്കാൎക്കു ഭോസിലേ വംശക്കാരുമായി വിവാഹം പാടില്ല. അങ്ങിനെ ആണെങ്കിലും അവൎക്കു തമ്മിൽ ഒരു വിവാഹം നടന്നു. അതു് ഒരു അസാധാരണ സംപ്രദായത്തിലുമായിരുന്നു.

ഷാജി, ഭോസിലെ കുട്ടിയായിരുന്നപ്പോൾ അച്ഛനോടൊന്നിച്ച് ഒരു ചങ്ങാതിയുടെ വിവാഹത്തിന്നു പോയിരുന്നു. ജാദോ കുടുംബത്തിലെ അന്നത്തേ കാരണവരും മകളായ ജിജി എന്ന കുട്ടിയോടൊന്നിച്ച് ആ അടിയന്തരത്തിൽ വന്നിരുന്നു. ആ പെൺകുട്ടി ഷാജിയേക്കാൾ ചെറുപ്പമാണു്. കുട്ടികൾ രണ്ടുപേരുംകൂടി കളിപ്പാൻ തുടങ്ങി. പെൺകുട്ടിയുടെ അച്ഛൻ അതു കണ്ടിട്ടു "ഇവർ രണ്ടുപേരും ഒരു പൊരുത്തമുള്ള ഇണയായിരിക്കും" എന്നു നേരംപോക്കായി പറഞ്ഞു. ആൺകുട്ടിയുടെ അച്ഛൻ അതുകേട്ടു; വിവാഹത്തിനുള്ള വാഗ്ദാനമായി വിചാരിക്കയും അതിന്നായി നിൎബന്ധിക്കയും ചെയ്തു. പിന്നീടു കുറെ ആലോചനകളും കുഡുംബങ്ങളുടെ കീഴ്മേൽ വിചാരം സംബന്ധിച്ചു ചില തൎക്കങ്ങളും എല്ലാം കഴിഞ്ഞശേഷം ഒടുവിൽ ആ കുട്ടികൾക്കു തമ്മിൽ വിവാഹം നടന്നു; ഇവരിൽ നിന്നാണു് ശിവാജി ജനിച്ചതു്. പല സംഗതികളിലും ശിവാജിയുടെ അമ്മ ശിവാജിയേപ്പോലെ തന്നെ ഗണ്യയായ ഒരു ആളായിരുന്നു. അവർ രണ്ടുപേരും ആണു്, ഡക്കാനിലെ ഹിന്ദുക്കളുടെ നശിച്ചുപോയ സ്വാതന്ത്ര്യത്തെ വീണ്ടും സൃഷ്ടിക്കയും രക്ഷിക്കയും ചെയ്തതു്.

ഇന്ത്യയിൽ സ്ത്രീകൾ വിശേഷിച്ചും ഉയൎന്നവൎഗ്ഗത്തിലും ഉയൎന്നതറവാട്ടിലും ഉള്ള സ്ത്രീകൾ കുഡുംബത്തിന്റെ പഴയ ചരിത്രങ്ങളേയും മാഹാത്മ്യങ്ങളേയും എല്ലാം ഹൃദിസ്ഥമാക്കി വെച്ചുകൊണ്ടിരിക്കും. ജിജീബായി കലശലായ ഉൽകൎഷേച്ഛയുള്ള ഒരു സ്ത്രീയായിരുന്നു. വിചാരിച്ചകാൎയ്യം സാധിപ്പാനായി എന്തുംചെയ്യും. ഭൎത്താവായ ഷാജിയെ ഹിന്ദുക്കളുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി യത്നിക്കുന്ന കാൎയ്യത്തിൽ അവൾ നല്ലവണ്ണം പണിപ്പെട്ടു പറഞ്ഞിളക്കി ജാദോ വംശക്കാരുടെ പ്രതാപത്തേ പററി പഴയകഥകൾ കൊണ്ടു അദ്ദേഹത്തിന്റെ ഹൃദയത്തെ അവൾ നിറച്ചു. അദ്ദേഹത്തിന്റെ സ്വന്ത കുഡുംബത്തിന്റെ ചരിത്രത്തെ തന്നെയും അവൾ എടുത്തുകാണിച്ചു. താൻ വെറും ഉദ്യോഗം വഹിക്കുന്ന ജില്ലകളേ സ്വാതന്ത്ര്യമായി ഭരിപ്പാൻ തനിക്കു അവകാശ

മുണ്ടെന്ന വാദിക്കുന്നതിന്ന അദ്ദേഹത്തോടു അവൾ ശഠിച്ചു. അക്കാലത്തു
ബലം ക്ഷയിച്ചും ക്ഷീണിച്ചും തുടങ്ങിയിരിക്കുന്ന മഹമ്മദീയരോടു സംഘംചേ
ൎന്ന എതിൎപ്പാൻ എല്ലാമഹാരാഷ്ട്ര കുഡുംബങ്ങളിലെ തലവന്മാരേയും അവൾ
ബലമായി നിൎബന്ധിക്കയും ചെയ്തു.

അതു വെറുതെ ആയില്ല. ദൽഹിയിലെ ചക്രവൎത്തിയുടേയും ബീജ
പ്പൂരിലെ രാജാവിന്റേയും ആജ്ഞാകരനും സാമന്തനും ആയിരുന്ന ഷാജി
അവരോടു മാറിമാറി എതിൎപ്പാൻ തുടങ്ങി. എന്നാൽ അദ്ദേഹം ധീരനും
സ്ഥിരപരിശ്രമിയുമായ പോരാളി ആയിരുന്നു എങ്കിലും, അങ്ങിനെയുള്ള
ആരംഭങ്ങളെ ശരിയായ വഴിക്കു കൊണ്ടുപോവാനും ഉദ്ദേശം സാധിപ്പാനും
വേണ്ട ശ്രേഷ്ഠതരമായ മനോഗുണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നില്ല.
അദ്ദേഹം കൂടക്കൂടെ തടവിലാകയും പിഴയടക്കയും മററുശിക്ഷകൾ അനുഭ
വിക്കയും ചെയ്യേണ്ടിവന്നു. അതൊന്നും തന്റെഭാൎയ്യയുടെ ഉൽകൎഷേച്ഛയെ ത
ടഞ്ഞില്ല. വളരെക്കാലം ഭൎത്താവു വിദേശത്തിലോ ബന്ധനത്തിലോ ആയി
രിക്കും. അപ്പോൾ ഒക്കെയും ഏകാകിനിയായ ആ സ്ത്രീ ജന്മഭൂമിയായ മ
ലം പ്രദേശത്തു് പ്രായമാകാത്ത പുത്രനോടുകൂടി വെറും നാടാന്മാരായ പരി
ചാരകന്മാരുടെ ഇടയിൽ കഴിച്ചുകൂട്ടി. എന്നാൽ മകൻ തന്റെ നിശ്ചയങ്ങ
ളെ മനസ്സിലാക്കാൻ പ്രായമായി എന്നുകണ്ട ഉടൻ അമ്മ അതെല്ലാം അവ
നു ഉപദേശിച്ചു തുടങ്ങി. ഈ അമ്മയും മകനുമായി മന്ത്രിച്ചു ശരിപ്പെടുത്തി
യ ആലോചനകളാണ് ആദ്യം അസാദ്ധ്യമായി തോന്നിയിരുന്നു എങ്കി
ലും ഒടുവിൽ മഹാവിജയമായി കലാശിച്ചതു്.

കുട്ടി, പ്രായമായപ്പോൾ പരിചാരകന്മാരുടെ സഹായത്തോടുകൂടി
മഹമ്മദന്മാരോടു ഓരോ അക്രമമായ സാഹസങ്ങൾ പ്രവൎത്തിപ്പാൻ തുടങ്ങി.
ജനങ്ങൾക്ക് അതാദ്യം ഒരുവക ഭ്രാന്താണെന്നു തോന്നി; എന്നാൽ അവയി
ൽ അവന്നു അധികം അധികം ധൈൎയ്യം വൎദ്ധിച്ചുകണ്ടപ്പോൾ ജാദോകുടും
ബത്തിലെ പരദേവതയായ ഭവാനിയുടെ പ്രത്യേകം അനുഗ്രഹത്താലാണ്
അവന്നു ഇതെല്ലാം സാധിക്കുന്നതെന്നും അവർ വിശ്വസിപ്പാൻ തുടങ്ങി.
അവന്റെ അമ്മയ്ക്കു ദേവി പ്രത്യക്ഷമായിരുന്നു എന്നും അവൾ ഭാവികാൎയ്യ
ങ്ങളെ പറയുമായിരുന്നു എന്നും കൂടി കേൾവി ഉണ്ടായിരുന്നു. അമ്മയ്ക്കു
അനുഗ്രഹം ലഭിച്ചിട്ടുണ്ടെന്നു മകനും വിശ്വസിച്ചിരുന്നു. ഒടുവിൽ തന്റെ
ഇഷ്ടന്മാരായ മാലുസ്രേയും, പാൾക്കരും മററും കൂടി അതു വിശ്വസിച്ചു.
മാൾവാരികൾ എന്നും ഹിത്കാരികൾ എന്നും പറയുന്ന രണ്ടു വൎഗ്ഗക്കാർ
ഈ ചെറുപ്പക്കാരനായ നായകനോടു ചേൎന്നു; ഇവരിൽ മാവാലികൾ ഘട്ട
ത്തിനപ്പുറത്തെ തടപ്രദേശത്തുള്ളവരും ഹിത്കാരികൾ, സമുദ്രതീരത്തുള്ള
മലകളുടെ താഴ്‌വരകളിൽ ഉള്ളവരുമാണ്. ഈ രണ്ടു കൂട്ടൎക്കും ആയുധാഭ്യാ
സമോ, പലപ്പോഴും ആയുധങ്ങൾ തന്നെയോ ഉണ്ടായിരുന്നില്ല. അവർ മ

ലംകോട്ടകളിൽ കേറിയും താഴ്‌വരവിട്ട അകലെയുള്ള നാട്ടു പ്രദേശങ്ങളിൽ കടന്നും കൊള്ളയിട്ടു മുതലുകൾ അപഹരിക്കയും ആയുധങ്ങൾ ശേഖരിക്കയും മുസൽമാന്മാരുടെ കോട്ട കാക്കുന്ന ഭടന്മാരെ വെട്ടിക്കൊന്നു ആ കോട്ടകളിൽ താമസിക്കുകയും ചെയ്തു. കരസ്ഥമാക്കിയ ഒന്നിനേയും അവർ ഒരിക്കലും തിരിയെ വിട്ടുകൊടുത്തില്ല.

ഇങ്ങിനെ അനേക കൊല്ലങ്ങൾ കഴിഞ്ഞു. യുവാവായ ശിവാജി തനിക്കു ശക്തി വർദ്ധിക്കുന്തോറും ധൈര്യവും ഉത്സാഹവും വർദ്ധിച്ചുവന്നു. അർദ്ധനഗ്നരും, വേണ്ടവണ്ണം ആയുധം ധരിച്ചിട്ടില്ലാത്തവരും ആയ അദ്ദേഹത്തിന്റെ ആദ്യത്തെ പടയാളികളായ ഏതാനും ശതസംഖ്യ മാത്രമുണ്ടായിരുന്ന മാവാലികളും ഹെത്കാരികളും ഒടുവിൽ ഉത്സാഹവും സ്ഥിരനിശ്ചയവുമുള്ള എത്രയോ ആയിരം ആളുകളായി വൎദ്ധിച്ചിരുന്നു. പശ്ചിമഘട്ടത്തിലുള്ള ഏററവും ബലമേറിയ അനേകം മലംകോട്ടകൾ അദ്ദേഹത്തിന്റെ കൈവശമായി. നിജ്ജനവും മിക്കവാറും ദുഷ്പ്രവേശമായ വേറെ മലകളിലും അദ്ദേഹം പുതിയ കോട്ടകൾ കെട്ടുകയും കെട്ടിക്കൊണ്ടിരിക്കയും ചെയ്തു; ആ കോട്ടകളിൽ രഹസ്യമായി ഗോവായിലെ പോർട്ടുഗീസുകാരിൽ നിന്നു വിലയ്ക്കു മേടിച്ചും സമൎത്ഥരായ സ്വന്തം പണിക്കാരെക്കൊണ്ടു ചെയ്യിപ്പിച്ചും ഒട്ടു വളരെ വലിയതോക്കുകൾ സന്നദ്ധമാക്കി വച്ചുകൊണ്ടുമിരുന്നു. ഇങ്ങിനെ പ്രാബല്യം വൎദ്ധിച്ചപ്പോൾ പ്രാചീന മഹാരാഷ്ട്രത്തിലെ എല്ലാമറാട്ടാ പ്രഭുകുടുംബക്കാരോടും അദ്ദേഹം ചാരന്മാർ മുഖേന ഗൂഢാലോചനകൾ നടത്തി, എല്ലാവരും ഒററായി സംഘംചേൎന്നു എതിൎത്ത് തങ്ങളെ കീഴടക്കിയിരിക്കുന്ന മഹമ്മദീയരുടെ അധികാരത്തെ വലിച്ചെറിയുന്നതിനു തരം നോക്കിക്കൊണ്ടു ക്ഷമയോടെ കാത്തിരിക്കയുമായിരുന്നു.

ഈ മഹമ്മദീയ രാജാക്കന്മാർ ഡക്കാനിനെ മുമ്പെ ആക്രമിച്ചിരുന്ന വരെപോലെ ഹിന്ദുക്കളോടു ക്രൂരത കാണിക്കയോ അവരുടെ മതസംബന്ധമായ സ്വാതന്ത്ര്യത്തെ തടുക്കുകയോ, ദേവാലയങ്ങളെ അശുദ്ധപ്പെടുത്തുകയോ, പുരാതന അവകാശങ്ങളെ അപഹരിക്കയോ മററേതെങ്കിലും പ്രകാരത്തിൽ അവരെ ഭയപ്പെടുത്തുകയോ ദണ്ഡിക്കുകയോ വല്ലതും ചെയ്തിരുന്നു എങ്കിൽ ഇവരുടെ അധികാരത്തെ വലിച്ചെറിയാനുള്ള ഷാജിയുടെ ശ്രമം തന്നെ കുറേക്കൂടി സഫലമാകുമായിരുന്നു. നേരെ മറിച്ച് അപ്പോൾ ഉപദ്രവമോ, സ്വാതന്ത്ര്യഭംഗമോ തീരെ ഇല്ലായിരുന്നു എന്നുതന്നെ പറയാം. മറാട്ടാപ്രഭുക്കന്മാരിൽ പലരും യുദ്ധകാലത്തു സഹായിക്കുന്നതിനു പ്രതിഫലമായി ഭൂമികൾ കൈവശം വച്ചിരുന്നു. എന്നു മാത്രമല്ല മുഹമ്മദീയ രാജാക്കന്മാരുടെ സൈന്യങ്ങളോടു ചേൎന്നു അവൎക്കു വേണ്ടി ശൂരതയോടും വിശ്വാസത്തോടും യുദ്ധം ചെയ്കയും ചെയ്തിരുന്നു.

ഇവിടെ വിവരിക്കുന്ന കഥനടന്ന കാലമായ ഇംഗ്ലീഷ് വൎഷം ൧൬൭൦-ൽ പതിവുപോലെ മഹാരാഷ്ട്രരാജ്യം മുഴുവൻ ദസറാആഘോഷത്തിൽ

നവരാത്രി മഹോത്സവം ആരംഭിച്ചു. ആ കൊല്ലത്തെ ഉത്സവത്തിൽ സംഘം
ചേൎന്നു ആക്രമിക്കുന്നതിനു എത്ര ജനങ്ങളെ ശേഖരിപ്പാൻ കഴിയുമെന്നു് സ്വ
കാര്യമായി കണക്കെടുക്കണമെന്നും അതു കഴിഞ്ഞാൽ അവരെ നിയോഗിക്കേ
ണ്ടക്രമത്തെ പററി തീർച്ചയാക്കാമെന്നുമായിരുന്നു നിശ്ചയം.

ക്ഷേത്രങ്ങളിൽ നടത്താറുള്ള 'കഥ' എന്നുപറയുന്ന കളികാണ്മാൻ
സിവാജിക്കു ബാല്യംമുതൽക്കേ വലിയ താല്പൎയ്യമായിരുന്നു. പ്രായമായതിൽ
പിന്നെ എവിടെ എങ്കിലും ഒരുകഥ ഉണ്ടെന്നു കേട്ടാൽ എത്ര ദൂരമായാലും
എന്തു ആപത്തു സംഭവിച്ചാലും വേണ്ടില്ല ഏതെങ്കിലും പ്രകാരത്തിൽ എ
ത്താൻ മാൎഗ്ഗമുണ്ടെങ്കിൽ സിവാജി അവിടെ എത്തും. ചെറുപ്പക്കാരനായ ഈ
നായകനെ ചിലപ്പോൾ പരസ്യമായും പലപ്പോഴും ഒരു കൃഷിക്കാരന്റെയോ
സാധാരണ പട്ടാളത്തിൽ ശിപായിയുടെയോ വെഷത്തിലും ചുരുക്കം ചില അ
നുയായികളോടുകൂടി താൻ അപ്പോൾ അവിടെഎത്താനുമുണ്ടായിരിക്കുമെന്നു ആ
ക്കും വിചാരിപ്പാൻ ഇടയില്ലാത്തദിക്കുകളിൽ കാണും. ആക്കും എങ്ങിനെ എന്നു
അറിയാൻപാടില്ലാത്തവിധം അദ്ദേഹം അവിടെനിന്നു മറയുകയും ചെയ്യും.
ഒടുവിൽ ഈ കഥകൾ ശത്രുക്കൾക്കു സംശയം ജനിക്കാതെ സൈന്യത്തിൽ ആ
ൾശേഖരിക്കുന്നതിനു അദ്ദേഹത്തിനു ഉപയോഗമായി. ഒരു കഥ വല്ലദി
ക്കിലുമുണ്ടെങ്കിൽ അതിനെ പിന്തുടൎന്നു ഉടനെതന്നെ ഏററവും ഭയങ്കരമായ
ഒരു ആക്രമണവും ഉണ്ടായിരിക്കുമെന്നു അദ്ദേഹത്തിന്റെ അനുയായികൾക്കും
നിശ്ചയമുണ്ടായിരുന്നു.

ബീജപ്പൂരിൽനിന്നു ഷാജിയെ വീണ്ടും തടവിലാക്കിയ വൎത്തമാനം
എത്തിയ ഉടനെതന്നെ പ്രതാപഗ്രഹത്തിൽ ഒരുകഥ നടത്താൻ പോകുന്ന
തായി നാടെങ്ങും പരസ്യം പ്രസിദ്ധപ്പെടുത്തി. ഗ്രാമങ്ങൾതോറും ഈ കല്പന
പരസ്യപ്പെടുത്തുന്നതിന്റെ ഗൌരവവും ശീഘ്രതയും കണ്ടു് ജനങ്ങൾ ഏതോ
ഒരു വലിയസംഭവം നടപ്പാൻ പോകുന്നുഎന്നു ഉറപ്പിച്ചു കഴിഞ്ഞു. അൎത്ഥവ
ത്തായ അവരുടെ സ്വന്ത ഭാഷയിൽ "മലകളിൽ തീ വീഴേണ്ട കാലമായി"
എന്നു അവർ സംസാരിക്കയും ചെയ്തു.

## രണ്ടാം അദ്ധ്യായം.

### കഥയും ജനക്കൂട്ടവും.

പ്രതാപഗ്രഹത്തിന്റെ താഴ്വരയിൽ ചൊവ്വും നിരപ്പുമില്ലാതെ ചി
തറിക്കിടക്കുന്ന വീടുകളോടുകൂടിയ ഒരു ഗ്രാമമുണ്ടു്. നഗരമെന്നുപറയത്തക്ക

പ്രാധാന്യം അതിനില്ല. അതിൽനിന്നു ഒരു ഊടുവഴി (ഊടുവഴിയെന്നല്ലാതെ പറഞ്ഞുകൂടാ) മുകളിലുള്ള കോട്ടയിലേക്കു പോകുന്നു. ഈ വഴി വളരെ ദുർഘടമായിട്ടുള്ളതാണെങ്കിലും ഭംഗിയുള്ളതായിരുന്നു. ഇതിന്റെ ഇരുഭാഗമുള്ള കാടുകൾ കുറെ വെട്ടിനീക്കിയിരുന്നു. എങ്കിലും അഗാധമായ താഴ്‌വരയിലും മുകളിലുള്ള ചരിവുകളിലുമായി വളഞ്ഞുകിടക്കുന്ന ഈ വഴിമേൽ വന്മരങ്ങൾ അവയുടെ ഉപകാരമുള്ള നിഴലുകളെ പരത്തിക്കൊണ്ടു് ആഞ്ഞു നിന്നിരുന്നു. വഴിയുടെ കയററം നീണ്ടതെങ്കിലും പോവാൻ സുഖമുള്ളതായിരുന്നു. ചിലദിക്കിൽ മഹാ വിശാലമായ ഇലകൾ നിറഞ്ഞ തേക്കുമരങ്ങൾ, ചിലടത്തു് തൂവൽപോലുള്ള ഓലകളോടുകൂടിയ മനോഹരമായ ഈന്ത്ക്കൂട്ടങ്ങൾ മററുചിലടത്തു പുഷ്പങ്ങളാൽ ആവൃതമായ ഒരു മരത്തിൽനിന്നു മറെറാരുമരത്തിലേക്കു മനോജ്ഞമായ തോരണമാലകൾ പോലെ തൂങ്ങുകയോ വൃക്ഷാഗ്രങ്ങളിൽ കൂട്ടമായി പടർന്നു പിടിച്ചുകിടക്കുകയോ ചെയ്തിരുന്ന വമ്പിച്ചവള്ളികൾ ഇവ കാണാമായിരുന്നു.

നമ്മുടെ കഥനടക്കുന്ന ഈ സമയത്തു് അനേകം വകുപ്പുകളുള്ള ഒരു വലിയ കാലാൾപ്പട ഈ വഴിയൂടെ ചിരിച്ചുകൊണ്ടും സംസാരിച്ചുകൊണ്ടും കോട്ടയിലേക്കു നടക്കുകയാകുന്നു. ചിലർ അവിടവിടെ സമതലങ്ങളിൽ എത്തുമ്പോൾ ഓടുകയും ചാടുകയും ചെയ്യുന്നു. മററുചിലർ അരികിലുള്ള പാറകളുടെ ഇടയിൽക്കൂടി കയറിപോകുന്നു. മുകളിലേക്കുള്ള കുറുക്കുവഴി അറിയാവുന്ന വേറേ ചിലർ പ്രധാനവഴിവിട്ടു തൂക്കായ മലകളിൽക്കൂടി പർവ്വതവാസികൾ സാധാരണ ചെയ്യാറുള്ളതുപോലെ അടികൾ കുനിച്ചു ചവിട്ടി മേല്പോട്ടു കയറുന്നു.

അവർ പൊടിപ്പുള്ള ദൃഷ്ടികളോടുകൂടിയവരും, ഉത്സാഹികളും കൃശന്മാരെങ്കിലും ദൃഢശരീരന്മാരും ആണു്. പൊക്കം കുറയുമെങ്കിലും വലിയ ശക്തിയുള്ളവരാണു്. നെടിയതോക്കുകൾ, വെടിമരുന്നു കുടുക്ക, ഉണ്ടസ്സഞ്ചി, ഇവ പലപ്പോഴും വഹിച്ചിരിക്കും. നീണ്ടു ചൊവ്വായി ഘനം കൂടിയ ഇരട്ടപ്പിടിയുള്ളവാൾ ഇടത്തേ തോളിൽ തൂക്കിയിരിക്കും. അല്ലെങ്കിൽ വളഞ്ഞു ചെറിയ ഒരു കൊടുവാളും, ഒന്നോ രണ്ടോ കഠാരികളും അരയിൽതിരികി ഉറപ്പിച്ചിരിക്കും. മുതുകിൽ ഒരു വലിയ പരിശയും തൂക്കിയിരിക്കും. സിവാജിയുടെ മാവാലിപട്ടാളം ഇങ്ങിനെ ആണു്. ഇവർ വളരെ ഉടുപ്പുകൾ വാരി ചുമക്കാറില്ല. മുട്ടിന്റെ താഴത്തു് ഇറങ്ങിക്കിടക്കുന്ന ഒരുജോടി കളസം ധരിച്ചിരിക്കും. ചുരുത്ത ഒരുത്തുവാൽ തലയിൽ ചുററികെട്ടിയിരിക്കും. ഒരു കരിമ്പടംകൊണ്ടു ദേഹമാസകലം മറച്ചു മൂടുകയോ അല്ലെങ്കിൽ കൈകൾ വെളിയിൽ കിടക്കത്തക്കവണ്ണം അതു നെഞ്ചിൽ കുറുക്കെ വലിച്ചു പുതച്ചിരിക്കയോ ചെയ്യും. സാധാരണ അവസരങ്ങളിൽ ഇതാണു അവരുടെഉടുപ്പു. എന്നാൽ ഉത്സവ കാലങ്ങളിൽ എല്ലാവരും വൃത്തിയുള്ള കാലുറയും, കുപ്പായവും, ഭംഗിയുള്ള തലപ്പാവും, അരയിൽ ഒരുഉറുമാലും, തലേക്കെട്ടിൽ തിരുകികാട്ടുപൂക്കളുടെ കുലകളും ധരിച്ചിരിക്കും

ഇപ്പോൾ ഉത്സവമാണ്. അവരുടെ രാജാവ് ഒരു കഥനടത്താൻ കല്പിച്ചിരിക്കയാണ്. കഥ ഉണ്ടായാൽ അതിനു തുടർന്ന് ഉടനെതന്നെ ഒരു വലിയ കൊള്ളയോ അക്രമമോ (അതായത് കുറേ ദൂരെ എങ്ങാനും ഒരു യുദ്ധം) നടക്കുമെന്ന് എല്ലാവർക്കും ഉറപ്പാണ്. അതിൽവച്ചു ബഹുമതിയും കൊള്ളയിട്ട പണത്തിൽ ഒരു ഓഹരിയും അവർക്കും കിട്ടും. യാതൊരു കരുതലമില്ലാതിരിക്കുന്ന മുസൽമാന്മാരോട് ഈ അവസരങ്ങളിൽ മാവാലികൾ നിർദ്ദയമായും ഭയങ്കരമായും വധം ചെയ്യും. സ്വാമി (ധ്വനി "എന്നാണ് അവർ വിളിക്കുന്നത്) കുറെ നാളായി ഒന്നും ചെയ്യാതെ വളരെ ശാന്തതയിൽ ഇരിക്കയായിരുന്നു. എന്നാൽ അദ്ദേഹം ഒരിക്കലും മടിയനായിരിക്കയില്ലെന്നു അവർക്കൊക്കെ അറിയാം. അസാധാരണമായി ഏതോ സംഭവിപ്പാൻ ഇടവരുമെന്നു [illegible] എല്ലാവർക്കും നിശ്ചയമുണ്ടായിരുന്നു. അവർ ഭയപ്പെടുകയും ആരാധിക്കയും ചെയ്തുവന്ന ഭവാനി ദേവിയുടെ ഏതോ മനോഹിതം സാദ്ധ്യമാവാൻ പോകുന്നു എന്ന് എല്ലാവരും ഉറപ്പിച്ചുകഴിഞ്ഞു. ആരും അധികമൊന്നും പുറത്തു പറഞ്ഞില്ല. എന്നാൽ എല്ലാവരും ഏതോ ഒന്നു സംഭവിക്കുമെന്നു കരുതികൊണ്ടിരുന്നു.

വളരെ ദിവസം മുൻകൂട്ടിതന്നെ പ്രതാപഗഢത്തിനടുത്ത മലകളുടെ താഴത്തുള്ള ഗ്രാമങ്ങൾ തോറും കഥനടപ്പാൻ പോകുന്ന വർത്തമാനം പരസ്യപ്പെടുത്തിക്കൊണ്ടു പതിവുപോലെ ദൂതന്മാർ സഞ്ചരിച്ചു. വയി, സത്താറ മുതലായ നഗരങ്ങളിൽ നിന്നു കളിക്കാർ വന്നു കഴിഞ്ഞു. രാജാവിന്റെ കീഴിലുള്ള മലയന്മാർ സാധാരണ കളിനടക്കാറുള്ള സ്ഥലം വെട്ടിത്തെളിച്ചു വെടിപ്പാക്കുകയും രാജാവിന്നിരിപ്പാനുള്ള ആസനവും കളിക്കാരുടെ രംഗവും വൃക്ഷങ്ങളുടെ പച്ചിലകളും കാട്ടുപൂക്കളും കൊണ്ടു അലങ്കരിക്കയും ചെയ്തു കൊണ്ടിരുന്നു. ആ ചെറിയപട്ടണം ഇപ്പോൾ തന്നെ ജനങ്ങളെക്കൊണ്ടു നിറഞ്ഞു കഴിഞ്ഞു. പുറമേയുള്ളവർ തങ്ങളുടെ പ്രിയപ്പെട്ട രാജാവിനെ ഒന്നു കണ്ടു വന്ദിപ്പാൻ മലമേൽ തിക്കിക്കൂടി കൊണ്ടിരുന്നു. രാജാവു അപ്പോൾ ഏതാനം സ്നേഹിതന്മാർ, പടയാളികൾ, പുരോഹിതന്മാർ ഇവരുടെ ഇടയിൽ സഭയിൽ എഴുന്നെള്ളിയിരിക്കയാണ്. അത്ര സ്നേഹപൂർവം കാംക്ഷിച്ചു വന്ദനം സമർപ്പിക്കയും പ്രതിവന്ദനം സ്വീകരിക്കയും ചെയ്യുന്നതിനുള്ള അവകാശം ജനങ്ങളിൽ ഒരാൾക്കും അദ്ദേഹം കൊടുക്കാതിരുന്നില്ല.

ഉഗ്രമായ കോട്ടവാതിലിൽ കൂടി മുകളിലത്തെ ഉയർന്നതളം വരെ മലയുടെ ഉപരിഭാഗത്തു് ജനപ്രവാഹം വന്നു നിറഞ്ഞു കൊണ്ടിരിക്കുന്നു. ചിലർ ഒററക്കും; ചിലർ ചെറിയ സംഘങ്ങളായും വന്നുചേരുന്നു. മററു ചിലർ അതിനെക്കാൾ വലിയ കൂട്ടങ്ങളായി ഓരോ ജോടികൊമ്പൂത്തുകാരെ മുൻനടത്തിക്കൊണ്ടു വരുന്നു. മററു ചിലരുടെകൂടെ പറകൊട്ടുന്നവർ ഉണ്ടു്. പറകളുടെ ഗംഭീരനാദത്തോടുകൊമ്പുകൾ അല്ലെങ്കിൽ കാഹളങ്ങളുടെ തീക്ഷ്ണമാ

യ ആരവം ഇടകലൎന്ന് ചിലപ്പോൾ വെവ്വേറെ ആയും മുകളിലേക്കുള്ള വഴിയൂടെ പലഭാഗത്തു നിന്നും പൊങ്ങിക്കൊണ്ടിരിക്കുന്നു. അതിനെ അനുസരിച്ച് രാജാവിന്റെ കാഹളക്കാർ കോട്ടവാതിലിന്റെ മുകളിലും, തൂക്കായ ചരിവുകളുടെ മേലത്തെ ഗോപുരങ്ങളിലുമിരുന്നു ഊതുന്നുണ്ട്. കോട്ടയിൽ ആളുകൾ തിങ്ങിയിരിക്കുന്നു. അനേകായിരം ആളുകൾ അവിടെ കൂടിട്ടുണ്ട്. ചിലർ അവിടവിടെ കൂടി കുത്തിയിരിക്കുന്നു. ചിലർ കോട്ടമതിലിന്റെ അടുക്കൽ നടന്നു കൊണ്ടിരുന്നു. മററു ചിലർ ഉറവുകളുടേയും കിണറുകളുടേയും അടുത്തു ചെന്നിരുന്നു മുതുകിൽ കെട്ടിവെച്ചിരുന്ന ഭാണ്ഡങ്ങൾ അഴിച്ചു പലഹാരങ്ങൾ എടുത്ത് ഉച്ചക്കുള്ള ആഹാരം അതുകൊണ്ടു കഴിക്കുന്നു. മററു ചിലർ രാജാവിന്റെ അഗ്രശാലയിൽ കടന്ന് അവിടെ ആ അവസരങ്ങളിൽ അതിഥികൾക്കു ദിവസേന ദാനം ചെയ്വാൻ കുന്നുകുന്നായിവെച്ചു മടച്ചിരിക്കുന്ന ചോറുകൾ വാങ്ങിക്കൊണ്ടിരിക്കുന്നു.

കാലത്തു മുഴുവൻ സിവാജി തന്റെ ചെറിയ ഡർബാർ മുറിയിൽ ഏതാനും തിരഞ്ഞെടുത്ത സ്നേഹിതന്മാരുടെയും ബ്രാഹ്മണ പുരോഹിതന്മാരുടേയും കാൎയ്യസ്ഥന്മാരുടേയും മദ്ധ്യേ ഇരിക്കയായിരുന്നു. ഇതു മുളകൾ തമ്മിൽ ചേൎത്തു കെട്ടി പുല്ലും തേക്കിലകളും കൊണ്ടു മേഞ്ഞു ഉണ്ടാക്കിട്ടുള്ള ഒരു വിസ്തീൎണ്ണമായ പന്തൽ മാത്രമായിരുന്നു അതു വൃക്ഷങ്ങളുടെ കുഴകളും, കാട്ടുപൂക്കളും കൊണ്ടു ഭംഗിയായി വിതാനിക്കയും ചെയ്തിരുന്നു. രാജാവിന്റെ ഇരിപ്പിടം മുകളിലത്തെ അററത്താണ് അതു പരുത്ത ജവുക്കാളം വിരിച്ചിട്ടുള്ള പൊക്കം കുറഞ്ഞ ഒരു തട്ടാണ്. അതിന്മേലാണ ഗാഡി അല്ലെങ്കിൽ ഭദ്രാസനം ഒരിക്കിയിരിക്കുന്നത്. ആസനം എന്നാൽ "കിന്നരി" കൊണ്ടുപൊതിഞ്ഞിട്ടുള്ള ഒരു സൂൎയ്യവട്ടത്തലയണയും അതുപോലെയുള്ള ചാവട്ടയും ആണ്. അതു തല്ക്കാലത്തേക്കുള്ള ഒരുക്കമാകുന്നു. ആ തട്ടിന്റെ താഴത്ത് ചെറുതും വലുതുമായ ജനസംഘങ്ങളുടെ തലവന്മാർ വന്നു വന്ദിച്ചുകൊണ്ടു ഓരോരുത്തരായി ഇരിക്കുകയും പതിവുപോലെ വന്ദനം ചെയ്തുകൊണ്ടു എഴുന്നേററു പോകയും ചെയ്യുന്നു. എന്നാൽ അറിവുകൂടാതെ ആരും പോകുന്നില്ല. സമീപത്തുകൂടി മററുള്ളവർ ആരെങ്കിലും ധൃതഗതിയിയിൽ കടന്നുപോകുമ്പോൾ ഒക്കെയും രാജാവു സ്നേഹപൂൎവ്വം അഭിനന്ദനം പറകയൊ നമസ്കാരം പറകയോ ചെയ്യുന്നു. അദ്ദേഹത്തിനു എന്തോ വ്യാകുലതയുള്ളപോലെ പലൎക്കും തോന്നി. തലസ്ഥാനത്തു നിന്നു പുറപ്പെട്ടിരുന്ന വൎത്തമാനത്തിൽ ആരും ഒന്നും പ്രത്യേകം ചെയ്യേണ്ടതായില്ലായിരുന്നു. എന്നാൽ രാത്രി നടപ്പാൻ പോകുന്ന കഥയേ തുടൎന്ന് ശരിയായ എന്തെങ്കിലും പ്രവൎത്തിചെയ്യേണ്ടിവരുമെന്നു എല്ലാവരും അറിഞ്ഞിരുന്നു.

സ്നേഹിതന്മാരുടേയും അനുചരന്മാരുടേയും ഇടയിൽ ഇരിക്കുന്ന ആ മറാട്ട രാജാവിനു തന്റെ കൃശമായ ശരീരവും ആഡംബരമില്ലാത്ത നിസ്സാര

# പത്രാധിപക്കുറിപ്പുകൾ.

യുദ്ധം.

യൂറോപ്പിൽ റഷ്യ, ഫ്റാൻസ് ഈ മഹാശക്തികൾക്കും, നമ്മുടെ ബ്രിട്ടീഷ് ഗവൎമ്മെൻറിന്നും എതിരായി ആസ്ത്രിയാ, ജൎമ്മനി ഈ ശക്തികൾ നടത്തിവരുന്ന ഘോരയുദ്ധം മനുഷ്യവൎഗ്ഗത്തിൽ ഇതുവരേ ഉണ്ടായിട്ടുള്ള യുദ്ധങ്ങളിൽ ഒക്കെയും വെച്ച് ഏററവും ഭയങ്കരമായും ഭൂലോകത്തിന്ന ഒട്ടുക്ക ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ ആപൽകരമായുമിരിക്കുന്നു. അതിയോഗ്യരായ ബ്രിട്ടീഷ് മന്ത്രിമാരുടേയും ലോകത്തുള്ള അദ്വിതീയന്മാരായ നീതിജ്ഞന്മാരിൽ പലരുടേയും സാമോപദേശങ്ങൾ ഒന്നും വകവെയ്ക്കാതെ പടവെട്ടാൻ വാളെടുത്ത ജൎമ്മനിയുടെ ദുരാഗ്രഹത്തെപ്പററി എന്തുപറയട്ടെ. സയൻസ്, തത്വശാസ്ത്രം, ധൎമ്മസ്ഥാപനങ്ങൾ, വിദ്യാഭ്യാസരീതി, കച്ചവടം, കൈവേല ഈ വിഷയങ്ങളിൽ സമ്പാദിച്ചിട്ടുള്ള ഉൽകൎഷം കൊണ്ടു ജൎമ്മൻകാരോട്ടു ഇതുവരെ ലോകത്തിന്നുണ്ടായിരുന്ന അസാമാന്യമായ ബഹുമതിയും വിശ്വാസവും അവർ തന്നെ തങ്ങളുടെ ഈ ദുരാശയ്ക്കു ബലികൊടുത്തിരിക്കുന്നു. യുദ്ധനിയമത്തിന്നു വിരുദ്ധമായും മനുഷ്യസാധാരണമായ കാരുണ്യത്തിൻെറ ലേശം കൂടാതെയും അവർ ആക്രമിക്കുന്ന പല രാജ്യങ്ങളിലും കാണിച്ചു വരുന്ന ക്രൂരതകൾ അവരുടെ പേരു കേട്ടാൽതന്നെ ധൎമ്മിഷ്ഠന്മാൎക്കു വെറുപ്പു തോന്നത്തക്കവണ്ണമുള്ളതാകുന്നു. ജൎമ്മനിയുടെ യുദ്ധസന്നാഹം മനുഷ്യരുടെ ധാൎമ്മികമായ അഭിവൃദ്ധിക്കു വിരുദ്ധമായി "കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ" എന്ന മൃഗസാമാന്യമായ ചട്ടത്തെ പുനൎജ്ജീവിപ്പിക്കുന്നതായി തീൎന്നിരിക്കുന്നു. ഇതു ആളിന്നും അൎത്ഥത്തിന്നും ഉള്ള ഭയങ്കരമായ നാശത്തെക്കാൾ മനുഷ്യൻെറ സദാചാരബോധത്തെയും അതിനെ അടിസ്ഥാനമാക്കിയുള്ള ഭാവിവിശ്വാസത്തെയും ചുവടോടെ ഇളക്കുന്ന സംഗതിയാകുന്നു. ലോകാവസ്ഥയിൽ ഇതുപോലെ ആപൽകരമായ ഒരു മാററം ഉണ്ടാവാനില്ല. ഇതിന്നു ഹേതുഭൂതമായ ജൎമ്മനി മനുഷ്യവൎഗ്ഗത്തിൻെറ മുഴുവൻ കോപത്തിന്നും ശാപത്തിന്നും ലക്ഷ്യമായി തീൎന്നിരിക്കുന്നു.

മനുഷ്യൻെറ ഐഹികവും ആത്മികവുമായ സ്വാതന്ത്ര്യത്തെ പരിപാലിക്കുക അല്ലെങ്കിൽ ധൎമ്മത്തെ രക്ഷിക്കുക ആകുന്നു എല്ലാ ഗവൎമ്മെണ്ടിൻെറയും ചുമതല. ഈ ചുമതലയെ ബ്രിട്ടീഷ് ഗവൎമ്മെണ്ടിനെപ്പോലെ അറിഞ്ഞു പ്രവൃത്തിക്കുന്ന മറെറാരു കോയ്മ ഉണ്ടോ എന്ന സംശയമാകുന്നു. ആ ഗവൎമ്മെണ്ടിൻെറ ഇന്നത്തെ ബഹുമതിക്കും അഭിവൃദ്ധിക്കും കാരണമായിട്ടുള്ളതു ആ ധൎമ്മനിഷ്ഠതന്നെയാണെന്നുള്ളതു നിസ്സംശയമാണ്. ആസ്ഥിതിക്കു ലോകത്തെ കീഴ്മേൽ മറിക്കുന്ന വിധത്തിലുള്ള ഈ ദേവാസുരയുദ്ധത്തിൽ സാ

ക്ഷാൽ ധർമ്മസ്ഥാപകനായ നമ്മുടെ ചക്രവർത്തി തിരുമനസ്സിലേക്കു നേരിട്ടിരിക്കുന്ന ചുമതല എത്ര വലുതായിട്ടുള്ളതാണെന്നും അതിനെ സ്വാതന്ത്ര്യമയമില്ലാത്ത ബ്രിട്ടീഷു ഭൂമിയിൽ ഉള്ള സകലരും എത്ര ആത്മാർത്ഥമായി സഹകരിക്കേണ്ടതാണെന്നും പറയേണ്ടതില്ലല്ലോ. ബ്രിട്ടീഷ് തന്റെ ശത്രുവോടു ചെയ്യുന്ന യുദ്ധം കേവലം ധർമ്മയുദ്ധമാകുന്നു. അതുകൊണ്ടു ധർമ്മത്തെ സ്നേഹിക്കുന്ന സകല ജനങ്ങളും സകലവിധസഹായങ്ങളും സഹകരണങ്ങളും ചെയ്വാൻ ഒരുങ്ങി ഇരിക്കുന്നതുമാകുന്നു.

ഈ യുദ്ധം എപ്പോഴായാലും നമ്മുടെ ഭാഗം വിജയമായി കലാശിക്കുമെന്നുള്ളതു് "ധർമ്മം ജയിക്കും" എന്നുള്ള നമ്മുടെ വിശ്വാസത്തെ അടിസ്ഥാനമാക്കി നമുക്കു ഉറപ്പിച്ചുകൊള്ളാവുന്നതാണു. എന്നിരുന്നാലും ഇതു നിമിത്തം ഇപ്പോൾ തന്നെ ഉണ്ടായിട്ടുള്ള പലമാതിരി അനർത്ഥങ്ങളും കഷ്ടതകളും ഭയങ്കരമായിരിക്കുന്നു. ഈ രീതിയിൽ, യുദ്ധം തുടർന്നാൽ ഉണ്ടാവാൻ ഇടയുള്ള ആപത്തുകളും നാശങ്ങളും ഇത്രമാത്രമാണെന്നു നിശ്ചയിപ്പാൻ ആർക്കും പാടില്ലാത്തതുമാകുന്നു. അതുകൊണ്ടു കഴിയുന്ന വേഗത്തിൽ ഈ "ദേവാസുരം" നമ്മുടെ ചക്രവർത്തിക്കും ബന്ധുക്കായ്മകൾക്കും വിജയപൂർണ്ണമായി അവസാനിപ്പാൻ ധർമ്മമൂർത്തിയായ ജഗദീശ്വരനെ ഞങ്ങൾ സദാഭക്തിപൂർവ്വം പ്രാർത്ഥിച്ചു കൊള്ളുന്നു. നമ്മുടെ യോഗം അദ്ധ്യക്ഷൻ ബ്രഹ്മശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങൾ അവിടത്തെ വൈദികാജ്ഞയിൻ കീഴിൽ കേരളമൊട്ടുക്കുള്ള നമ്മുടെ വർഗ്ഗക്കാരുടെ സകല ക്ഷേത്രങ്ങളിലും ഭജനമന്ദിരങ്ങളിലും യുദ്ധാവസാനംവരേ ചക്രവർത്തി തിരുമനസ്സിലെ വിജയത്തിനും ക്ഷേമത്തിനുമായി പ്രതിദിനം വിശേഷാൽ പ്രാർത്ഥനകളും പൂജയും നടത്താൻ ആഗ്രഹിച്ചു യോഗം മുഖേന ഏർപ്പാടുചെയ്തിരിക്കുന്ന വിവരവും ഈ സന്ദർഭത്തിൽ പ്രസ്താവയോഗ്യമാകുന്നു.

യുദ്ധംകൊണ്ടു ലോകം മുഴുവൻ ഉണ്ടായിരിക്കുന്ന അനർത്ഥങ്ങളിൽ ഒട്ടും അപ്രധാനമായ ഒന്നല്ല ഈ തിരത്തിൽ കൊപ്രാ, കയർ ഈ വ്യവസായങ്ങൾക്കു നേരിട്ടിരിക്കുന്ന ഉടവ്. തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള തെങ്ങുകൃഷിക്കാരുടെ ഐശ്വര്യം എല്ലാം താങ്ങിനിന്നതു കൊച്ചി ആലപ്പുഴ ഈ തുറമുഖങ്ങളും യൂറോപ്യൻ കമ്പനിക്കാരും ആയിരുന്നുഎന്നു പറയേണ്ടതില്ലല്ലോ. കമ്പനിക്കാർ ജോലി നിറുത്തിയതോടുകൂടി കയർ കൊപ്രാ മുതലായവയുടെ ആവശ്യം നിന്നുപോകയും കച്ചവടക്കാർ ശേഖരിച്ചുവെച്ചിരുന്ന ചരക്കുകൾ അങ്ങിനെ തന്നെ ഇരുന്നു കാൽകാശു വിലകിട്ടാതെ പൊടിഞ്ഞുപോകയും ചെയ്യുന്നു. കച്ചവടക്കാരുടെ സർവ്വസ്വവും അവരുടെ ചരക്കുകളാണെന്നും അതു പൊയ്പോയാൽ അവരുടെ കഥ തീർന്നു എന്നും അറിയാമല്ലൊ. ഇങ്ങിനെ പൊളിഞ്ഞുപോയവരിൽ കൊച്ചിമുതൽ ചിറയിൻകീഴവരെ കായൽ തിരങ്ങളിലുള്ള ഞങ്ങളുടെ വർഗ്ഗക്കാർ വളരെ അധികമാകുന്നു എ

ന്നുള്ള വസ്തുത വ്യസനപൂൎവ്വം പറയേണ്ടിയിരിക്കുന്നു. യുദ്ധകാലത്തു യൂറോപ്യൻ രാജ്യങ്ങളുമായി കച്ചവടം നടത്താൻ പ്രയാസമാണെങ്കിലും ഏതെങ്കിലും വിധത്തിൽ ജനങ്ങൾക്കു നേരിട്ടിരിക്കുന്ന ഈ മഹാവിപത്തിനെ പരിഹരിപ്പാൻ നമ്മുടെ ഗവർമ്മെൻറു കഴിയുന്നതെല്ലാം നോക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

കച്ചവടക്കാൎക്കു പുറമെ ഗൃഹസ്ഥന്മാരും തങ്ങളുടെ നാളികേരത്തിനും തൊണ്ടിനും വിലകിട്ടാതെ വലഞ്ഞുപോയിരിക്കുന്നു എന്നുള്ളതും വിസ്മരിക്കത്തക്കതല്ല. കയററുമതി നിന്നുപോയിരിക്കുന്നതിനാൽ മുളകു ഇഞ്ചി ഏലം മുതലായ കൃഷികളും നിഷ്പ്രയോജനമായി തീൎന്നിരിക്കുന്ന സംഗതിയും വസനപൂൎവ്വം ഓൎമ്മിക്കത്തക്കതാകുന്നു. ഇതിനുപുറമെ വ്യവസായശാലകളിലും മില്ലുകളിലും കയറു തിരിക്കുക ചകിരി തല്ലുക മുതലായ പ്രവൃത്തികളിലും ഏൎപ്പെട്ടിരുന്ന അനേകായിരം കൂലിക്കാർ വേലയില്ലാതെ വശംകെട്ടു തിരിയുന്നതും വെറും പട്ടിണിയുടെ വക്കിൽ എത്തിയിരിക്കുന്നതും വിചാരിപ്പാൻ പാടില്ലാത്തവിധം വ്യസനകരമായ ദുരവസ്ഥയാകുന്നു. നമ്മുടെ ഗവർമ്മെൻറിൽ നിന്നും ഈ അവസരത്തിൽ ആലപ്പുഴനിന്നു ചേൎത്തലയ്ക്കുള്ള തോട്ടിന്റെ പണി തുടങ്ങാൻ ചെയ്ത ഏൎപ്പാടു എത്രയും ശ്ലാഘനീയമായ ഒന്നാണു് വേറെയും പബ്ളിക്കു വൎക്ക ഡിപ്പാർട്ടുമെൻറു വകയായി ചില റോഡുകളും മററും അനുവദിച്ചു കൂലിവേലക്കാൎക്കു സൌകൎയ്യം ഉണ്ടാക്കികൊടുക്കുന്നതിലും മററും ദിവാൻ മിസ്റ്റർ കൃഷ്ണൻനായർ അവസരോചിതമായി ചെയ്യുന്ന ഏൎപ്പാടുകൾ ഏററവും അഭിനന്ദിക്കത്തക്കവയാണു്. ഈ അവസരത്തിൽ ഞങ്ങൾക്കു ഒന്നുകൂടി ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായുണ്ടു്, വിചാരിച്ചിരിക്കാതെ ഉണ്ടായ പണത്തിൻെറ ക്ഷാമം നിമിത്തം അനേകം വിദ്യാൎത്ഥികൾ യഥാകാലം പീസുകൊടുക്കാൻ നിവൃത്തിയില്ലാതെ പഠിത്തം നിൎത്തേണ്ടതായി വന്നേക്കുമെന്നു ഞങ്ങൾ അറിയുന്നു. ആ വിഷയത്തിൽ എന്തെങ്കിലും ദയാപൂൎവ്വമായ ഒരു തൽക്കാല വ്യവസ്ഥ ഗവർമ്മെൻറിൽ നിന്നു ആലോചിച്ചുചെയ്യാൻ കഴിഞ്ഞു എങ്കിൽ അതു വലിയ സുകൃതമായിരിക്കുന്നതാണു്.

---

## ലോകവാൎത്തകൾ.

ജൎമ്മനിയിലെ പോലീസ്സിൽ ഇപ്പോൾ വളരെ സ്ത്രീകളുണ്ടെന്നറിയുന്നു.

ജാപ്പാനിൽ പബ്ളിക്ക് സ്ഥലങ്ങളിൽനിന്നു മൎയ്യാദകെട്ട പാട്ടുകൾ പാടുന്ന അവിടത്തെ ഗവൎമ്മെണ്ടു വിരോധിച്ചിരിക്കുന്നു.

മാംസം ഭക്ഷിച്ചു വളരുന്ന സസ്യങ്ങൾ കുറെക്കൂടെ ഈയിടയിൽ ഒരു സസ്യശാസ്ത്രജ്ഞൻ കണ്ടുപിടിച്ചിരിക്കുന്നു.

ഈ മാസം ൧൦-ാം തിയ്യതി മുണ്ടക്കൽ മുതൽ തങ്കശ്ശേരിവരെ സമുദ്രാക്രമണം ഉണ്ടായി വളരെ വീടുകളും മററും നശിച്ചിരിക്കുന്നു.

കൊച്ചിയിലെ പുലയ സമാജാദ്ധ്യക്ഷൻ മിസ്റ്റർ ഇണ്ണാതിയുടെ ഉത്സാഹത്തിൽ മുളവുകാട്ടു ഒരു പുലയ വിദ്യാലയം സ്ഥാപിച്ചിരിക്കുന്നു.

കൈക്കൂലി വാങ്ങുന്നവരേയും ൫൦൦യുടെ മുതലിൽ അധികം കക്കുന്നവരേയും തൂക്കി കൊല്ലേണ്ടതാണെന്നു ചൈനാ ഗവൺമെണ്ടു ഒരു നിയമം പാസ്സാക്കിയിരിക്കുന്നു.

ദിവാൻ ബഹദൂർ പി. രാജഗോപാലാചാരി അവർകൾ യൂറോപ്പിൽനിന്നും മടങ്ങിവന്ന കന്യാവിൽ ജൂഡിഷ്യൽ സിക്രട്ടറിയായി പ്രവൃത്തിയേററിരിക്കുന്നു.

മലയാളത്തിലെ കച്ചവടസ്ഥിതി നന്നാക്കുന്നതിനായി പ്രവൃത്തിച്ചുവരുന്ന മലബാർ എക്കണോമിക്ക് യൂനിയൻ കൊപ്രകളും കയററിനും ഉണ്ടായിട്ടുള്ള വില ഇടിവു കുറയുന്നതും പരിഹരിപ്പാൻ ഉത്സാഹങ്ങൾ ചെയ്തുവരുന്നു. ഈശ്വരാനുഗ്രഹത്താൽ ഇവരുടേ ശ്രമങ്ങൾ സഫലമാകുന്നപക്ഷം അതു നാട്ടിലെക്കു ഒരനുഗ്രഹമായിത്തീരുന്നതാണ്.

തിരുവിതാംകൂർ ദിവാൻജി അവർകളോടു നേരിട്ടു സങ്കടം ബോധിപ്പിക്കുവാനുള്ളവരുടെ സങ്കടങ്ങൾ എല്ലാ ശനിയാഴ്ച തോറും വൈകുന്നേരം മൂന്നുമണിമുതൽ അഞ്ചുമണിവരെ കേൾക്കുന്നതാകുന്നു.

കൽക്കത്തായിൽ ൧൪ വയസ്സായ ഒരു ബാലൻ തന്റെ അച്ഛൻ ഉറങ്ങുന്ന സമയം ഒരു കത്തികൊണ്ടു കുത്തികൊന്നിരിക്കുന്നു. കാരണം അച്ഛൻ രണ്ടാമതു കെട്ടിയ അമ്മ ഉപദ്രവിക്കുന്നു എന്നാണത്രെ.

ഓച്ചന്തുരത്തിൽ ഒരാൾ ഭാര്യ പിണങ്ങിപ്പോയതിനാലും മാവേലിക്കര താലൂക്കിലെ ഒരു യുവാവു താൻ സ്നേഹിച്ചിരുന്ന യുവതിയെ ഭാര്യയാക്കുവാൻ സാധിക്കാഞ്ഞതിനാലും പ്രാണഹത്യ ചെയ്തിരിക്കുന്നതായറിയുന്നു.

ലക്ഷ്മിലളിത എന്ന സ്ത്രീ തന്റെ ഭർത്താവിന്നുണ്ടായ മരണകരമായ ഒരു ദേഹവക്കേടു മാറുകയില്ലെന്നു ഡോക്ടർ അഭിപ്രായപ്പെട്ടു ഉടൻ ഒരു മുറിയിൽ കടന്നു വാതിലടച്ചു തന്റെ ഉടുപ്പിൽ മണ്ണെണ്ണ ഒഴിച്ചു തീകൊളുത്തി മരിച്ചിരിക്കുന്നു.

---

സക്കാൻഡ്ര ചർച്ച് മിഷ്യൻ അനാഥശാലയിൽ ൧൮൬൭-ൽ ഒരു ചെന്നായ് വളർത്തിയിരുന്ന ഒരു കുട്ടിയെ പിടിച്ചുകൊണ്ടുവന്നു കുറെക്കാലം വളർത്തിയിരുന്നു എന്നു അവിടത്തെ വാർഷിക റിപ്പോർട്ടിൽ നിന്നും കാണുന്നുണ്ടത്രെ.

---

കുന്തൂർ ഗവർമെണ്ടിൽനിന്നു ക്ലിപ്തപ്പെടുത്തിയ ഓരോ നിരക്കനുസരിച്ചേ സാമാനങ്ങൾ വിൽക്കാൻ പാടുള്ളു എന്നു തീർച്ചയാക്കുകയും അതിനു വിരോധമായി വല്ല കച്ചവടക്കാരും ചെയ്യുന്നുണ്ടോ എന്നു പരിശോധിക്കുവാൻ പോലീസുകാരെ ഏല്പിക്കുകയും ചെയ്തു.

---

നാനിടാൾ എന്ന സ്ഥലത്തിന്നു സമീപമുള്ള ഒരു കാട്ടിൽ നിന്നു ഈയിടെ കുരങ്ങിന്റെ സമ്പ്രദായത്തിലുള്ള ഒരു മനുഷ്യക്കുട്ടിയെ കണ്ടെത്തി പിടിച്ചിരിക്കുന്നു. ഈ കുട്ടിക്കു സംസാരിക്കാൻ വയ്യ. എന്നാൽ കയ്യിന്മേൽ വസൂരി കീറിവെച്ച വടു കാണുന്നുണ്ട്.

---

ഈയിടയിൽ തെക്കെമലയാളത്തിലെ കുററിപ്പുറം, കൂട്ടായി, തൃപ്രങ്ങോട്ടു, തൃക്കണാപുരം എന്നീ നാലു സ്ഥലങ്ങളിലായി ആകാശത്തിൽ നിന്നു ചില കല്ലുകൾ വീണിരിക്കുന്നു. ഈ കല്ലുകളെ ബങ്കാളത്തിലെ ഏഷ്യാററിക് സൊസൈററിക്കാർ പരിശോധിക്കുന്നതായറിയുന്നു.

---

ഈ കഴിഞ്ഞ ജൂലായിമാസം ൧൬-ാം നു- ഉൽക്കല ജഗന്നാഥപുരി എന്ന സ്ഥലത്തു കടൽ ആക്രമിച്ചതിനാൽ അനേകം വീടുകൾ നശിച്ചുപോയിരിക്കുന്നു. വെള്ളത്തിന്റെ മീതെ പൊങ്ങിനില്ക്കുന്ന ചില തൂണുകൾ കാണുമ്പോൾ മാത്രമാണ് അവിടം കരയായിരുന്ന ഓർമ്മവരുന്നത്. ഒറീസ്സാ മുതലായ സ്ഥലങ്ങളിൽ പലപ്പോഴും കടൽക്കരയിലെ വീടുകൾ നശിച്ചിട്ടുണ്ടെങ്കിലും ഇത്രഭയങ്കരമായ ഒരു സംഭവം ഇതിന്നുമുമ്പുണ്ടായിട്ടുള്ളതായി ആർക്കും അറിവില്ല.

---

ഇംഗ്ലണ്ടിലെ ചില കച്ചവടക്കമ്പിനിക്കാർ ഒന്നായി ചേർന്നു മലയാളക്കടൽക്കരയിലെ തെങ്ങിൻ തോട്ടങ്ങൾ വില്ക്കുന്നതിന്നും പുതിയ തോട്ടംവെച്ചുപിടിപ്പിക്കുന്നതിന്നും നിശ്ചയിച്ചിരിക്കുന്നു. ചേർത്തലയിലാണത്രെ അവരുടെ ഹെഡാപ്പീസ്സാക്കുവാൻ പോകുന്നതു. അവനവന്റെ കൈവശമുള്ള തോട്ടങ്ങളും സ്ഥലങ്ങളും ചില്ലറ വല്ല ആദായങ്ങളുംകണ്ടു ആലോചനയില്ലാതെ വില്ക്കു

ന്നതായാൽ പിന്നീടു സ്വദേശീയന്മാർക്കു മതിയായ ഫലമില്ലാതെ പശ്ചാത്തപിക്കേണ്ടിവരുമെന്നു നമ്മുടെ ക്രൂദ്ധർ അറിഞ്ഞിരുന്നാൽ നന്നായിരുന്നു.

---

കാസർകോടിന്നു സമീപം "കണ്ടർ വാഴുന്നവർ" എന്നു ഒരു ജന്മിയുടെ കുളത്തിന്നരികിൽ ക്രൂരി ഒരു തീയത്തി കടന്നുപോയതിനാൽ കുളത്തെയും അതിൽ കുളിച്ചിരുന്ന തന്റെ ഭാര്യയേയും അശുദ്ധമാക്കി എന്നു പറഞ്ഞു അവളെ പിടിച്ചുകൊണ്ടു വരുവിച്ചു കഠിനമായി അടിച്ചു പരുക്കേല്പിക്കയും അവളുടെ ഭർത്താവു ആ വിവരം അറിഞ്ഞു പോഞ്ഞുവന്നു വാഴുന്നവരേയും ഭാര്യയേയും രണ്ടു കുട്ടികളേയും വെട്ടിക്കൊല്ലുകയും പിന്നീടു തന്റെ ഭാര്യയേയും രണ്ടുകുട്ടികളേയും കൊന്നു താനും ആത്മഹത്യചെയ്തിരിക്കുന്നു. ഇങ്ങിനെയുള്ള ചില ദുഷ്പ്രഭുക്കളുടെ സാമസ്യസൃഷ്ടിസ്നേഹമില്ലാത്ത കഠിനപ്രവൃത്തികൾ നിമിത്തം ഈവക ചില സംഭവങ്ങൾ ചിലസ്ഥലങ്ങളിലെല്ലാം കൂടക്കൂടെ സംഭവിക്കുന്നതു വളരെ പരിതാപകരം തന്നെ. കടന്തൽ മണ്ണെ കുഞ്ഞുണ്ണി വലിയ രാജാവവർകളെ ഒരു മുഹമ്മദീയൻ ഈയിടെ വെട്ടിക്കൊന്നതും അയിത്തത്തിനെ അടിസ്ഥാനമാക്കി ഉപദ്രവിച്ചു എന്ന സംഗതിക്കാണു. അന്യോന്യവൈരത്തിന്നും, നാശത്തിന്നും കാരണമായ അയിത്തത്തിനു ഈ ൨൦-ാം നൂറ്റാണ്ടിലും ഇത്ര പ്രാബല്യം കാണുന്നതു അതിനെ ആചരിക്കുന്നവരുടെ മനോമാഹാത്മ്യക്കുറവിനെ വെളിപ്പെടുത്തുക മാത്രമാണു.

---

## നമ്മുടെപലവക.

---

കോഴിക്കോടു സി. എം. രാരിച്ചൻ മൂപ്പൻ അവർകളും, തലശ്ശേരി കൊറ്റിയത്തു രാമുണ്ണി വക്കീൽ അവർകളും ബ്രിട്ടീഷ് ഗവർമ്മെന്റിനു വേണ്ടി യുദ്ധത്തിന്നു പോവാൻ തങ്ങൾ തയ്യാറാണെന്നു മതിരാശി ഗവർണ്ണരെ അറിയിച്ചിരിക്കുന്നു.

തലശ്ശേരിയിലെ പ്രമാണികളായ തീയ്യയുവാക്കൾ ചേർന്നു ഗവർമ്മെണ്ടിന്നു വേണ്ടി തങ്ങൾ എന്തും ചെയ്യാൻ സന്നദ്ധരാണെന്നു അറിയിച്ചിരിക്കുന്നു.

സ്വാമിതിരുനാൾ സംബന്ധിച്ചുണ്ടായ "ശാരദാവിലാസിനി" സ്ത്രീസമാജത്തിന്റെ വാർഷികയോഗത്തിൽ നിന്നു ഈ യുദ്ധത്തിൽ ബ്രിട്ടീഷ് ഗവർമ്മെന്റിൽ വിജയം ആശംസിച്ചുകൊണ്ടു മദ്രാസ് ഗവർണ്ണർക്കു ഒരു കമ്പി അയച്ചിരിക്കുന്നു.

കോട്ടയം എ. സി. ററി. പി. യോഗക്കാരുടെ യേശംഗംവക ക്ഷേത്രത്തിൽ സ്വാമിതിരുനാൾ ദിവസം ശ്രീമാൻ ബോധാനന്ദ സ്വാമികളെക്കൊണ്ടു ശിവന്റെ പടം പ്രതിഷ്ഠിപ്പിച്ചു ഒരു ദിവസത്തെ ഉത്സവം നടത്തിയിരിക്കുന്നു

കാരാട്ടു പറമ്പിൽ തറവാട്ടിലെ കാരണവരായിരുന്ന ശങ്കരൻ അവർകൾ ഈ കഴിഞ്ഞ കർക്കടകം ൨൦-ാംനു- തന്റെ ൮൧-ാമത്തെ വയസ്സിൽ കാപ്പ്തകൾ ഒന്നും കൂടാതെ കാലഗതിയെ പ്രാപിച്ചിരിക്കുന്നു............ഇദ്ദേഹത്തിന്റെ ജനനം ൧൦൫൨-ാമാണ്ടിലാണ്. ഇദ്ദേഹത്തിന്റെ ഭരണകാലത്തു് തറവാട്ടിൽ പല നഷ്ടങ്ങളും ഉണ്ടായിരുന്നെങ്കിലും ഒരു വിധം തൃപ്തികരമായി കാര്യങ്ങൾ എല്ലാം അവസാനിപ്പിച്ചു. ചെറിങ്ങോട്ടുകര ശ്രീനാരായണസ്വാമി സ്മാരക സമാജക്കാർക്കു സോമശേഖരക്ഷേത്രത്തിന്നു ആവശ്യമുള്ള ജന്മസ്ഥലം തന്റെ തറവാട്ടുവക ജന്മസ്ഥലത്തിൽ നിന്നും സൗജന്യമായി ബ്രഹ്മശ്രീ സ്വാമിതൃപ്പാദങ്ങളുടെ പേരിൽ എഴുതി റെജിസ്റ്റർ ചെയ്തുകൊടുത്തതു ഇദ്ദേഹമാണ്. കുറച്ചുകൊല്ലങ്ങൾക്കു മുമ്പായിതന്നെ ഉണ്ടായിരുന്ന തറവാട്ടുവഴക്കുകളെ സംബന്ധിച്ച് സ്വാമിതൃപ്പാദങ്ങളിൽ ആവലാതി ബോധിപ്പിച്ചതും സ്വാമിതൃപ്പാദങ്ങളുടെ അസാധാരണ കൃപയാൽ തറവാട്ടു ഭാഗം കഴിപ്പിച്ചു തറവാട്ടിലേക്കു സമാധാനമുണ്ടാക്കിയതും ഇദ്ദേഹമാണ്. ഇദ്ദേഹം സ്വാമിതൃപ്പാദങ്ങളുടെ ഒരു ഗൃഹസ്ഥാശ്രമശിഷ്യനായിരുന്നു.

ഈഴവർക്കു തൃപ്തികരമായ നിലയിൽ സ്കൂൾ പ്രവേശനം അനുവദിച്ചിട്ടില്ലെന്നതിനെപ്പറ്റി ജനറൽ സിക്രട്ടറി അവർകൾ ശ്രീമൂലംപ്രജാസഭയിൽ ചെയ്ത നിവേദനത്തെ സംബന്ധിച്ചു ഗവമ്മെൻറിൽ നിന്നയച്ച കല്പന അനുസരിച്ചു സ്കൂളിൽചേരാൻ ആഗ്രഹിക്കുന്നവരും പ്രവേശനം കിട്ടാതെ നിൽക്കുന്നവരുമായ കുട്ടികളുടെ മേൽവിലാസവും ക്ലാസ്സു വിവരവും മററും അറിയിച്ചു കൊടുക്കണമെന്നു മദ്ധ്യറേഞ്ച് സ്കൂൾ ഇൻസ്പെക്ടർ ഒ. എം. ചെറിയാൻ അവർകൾ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ സ്കൂൾ പ്രവേശനം ആവശ്യപ്പെടുന്ന കുട്ടികളുടെ രക്ഷിതാക്കന്മാർ ഉടനെ ഇൻസ്പെക്ടരവർകളോടു അപേക്ഷിച്ചു വിവരം ഞങ്ങളെ അറിയിപ്പാൻ താല്പര്യപ്പെടുന്നു. ആ കാര്യത്തിൽ വേണ്ടുന്ന ഒത്താശകൾ അദ്ദേഹം ചെയ്തുതരുന്നതാകുന്നു.

ശ്രീമാൻ ശിവപ്രസാദ സ്വാമികൾ ഇപ്പോൾ നന്ദപ്രയാഗ എന്ന സ്ഥലത്തു വിശ്രമിച്ചു വരുന്നു. യജുർവേദികളുടെ സന്ധ്യാക്രമം മുഴവനും വിവേകോദയത്തിലേക്കു തുടരെ തുടരെ എഴുതിക്കൊണ്ടിരിക്കാമെന്നും തന്റെ സാന്നിദ്ധ്യം അത്യാവശ്യമായിരുന്നാൽ കമ്പി അടിച്ചാൽ വരാമെന്നും അല്ലാത്ത പക്ഷം അഞ്ചാറ മാസത്തിനിടയ്ക്കു സാവധാനത്തിൽ നാട്ടിൽ വന്നുചേരാമെന്നും ഞങ്ങളുടെ കത്തിനു മറുവടിയായി അറിയിച്ചിരിക്കുന്നു.

തീയ്യ സമുദായത്തിലെ പല മാന്യന്മാരും ഒത്തുചേർന്നു ബ്രിട്ടീഷ് ഗവമ്മെണ്ടിനെ സഹായിക്കുന്നതിന്നായി (Thiyya war Fund) തീയ്യരുടെ യുദ്ധസഹായധനം എന്നൊരുഫണ്ട് ഏർപ്പെടുത്തിയിരിക്കുന്നു. ഇതിലേക്കു സംഭാവനയായി തരുന്ന കാലണപോലും സ്വീകരിക്കുന്നതാകുന്നു. ഓരോ സ്ഥലങ്ങളിലുമുള്ള മാന്യന്മാർ ഇതിലേക്കു കഴിയുന്നത്ര സംഭാവന പിരിച്ചുതരുവാൻ അപേക്ഷ. ഇതിലേക്കായി ൫ ക. യിൽ കുറയാത്ത ഒരു സംഖ്യ പിരിച്ചു എം.

ഴ്ണ്ണർ അവർകൾ ബി. ഏ. ബി. എൽ, എം. ആർ എ. എസ്, പെൻഷ്യൻ ഗവമ്മെണ്ടു ട്രാൻസ്ലേറ്റർ ഈഗ്മോർ മദ്രാസ്, എന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കുന്ന മാന്യന്മാരുടെ പേരും സംഖ്യയും ഞങ്ങൾ വിവേകോദയത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. ആലുമ്മൂട്ടിൽ കൊച്ചുകുഞ്ഞു ചാന്നാർ അവർകളും യോഗം ജനറൽ സിക്രട്ടറിയും ഇതിലെ മെമ്പർമാരാകുന്നു. പിരിയുന്ന പണം സ്വാമിതൃപ്പാദങ്ങളുടെ പേരിൽ മദ്രാസ്, ബേങ്കിൽ ഇടുവാനാണ് തീർച്ചയാക്കിയിരിക്കുന്നത്.

---

## സംഭാവന.

* വിളയിൽ വീട്ടിൽ വി കൊച്ചുപ്പിവൈദ്യൻ അവർകളുടെ മകൾ ശ്രീമതിദേവകി അമ്മയെ കെ. നാരായണൻ മുതലാളി അവർകളുടെ മരുമകൻ കൊല്ലം സബ്ഓവർസീയർ വി. ശങ്കരൻ അവർകൾ കഴിഞ്ഞ ഇടവം വ്യ-ാം നു- ശുഭമുഹൂർത്തത്തിൽ പുതിയ സംപ്രദായപ്രകാരം വിവാഹം ചെയ്ത വകയ്ക്കു സംഭാവനയായി അയച്ചുതന്ന ഒരുറുപ്പിക വധൂവരന്മാർക്കു മംഗളം ആശംസിച്ചു നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.

സ്വാമിതിരുനാളാഘോഷ സംബന്ധമായി മണക്കാട്ടു തോട്ടത്തിൽ കേശവൻ മുതൽ പേർ അയച്ചുതന്ന സംഭാവന ഒരുറുപ്പിക നന്ദിപൂർവ്വം കയ്പററിയിരിക്കുന്നു.

മ. രാ രാ. വെള്ളത്തേരിയിൽ കേശവൻ വൈദ്യരുടെ അനന്തിരവന്റെ മകൾ ശ്രീമതി കാർത്ത്യായനി അമ്മയുടെ വിവാഹത്തിന്റെ സംഭാവനയായി അയച്ചുതന്ന ഒരുറുപ്പിക ദമ്പതിമാർക്കു മംഗളം ആശംസിച്ചു നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.

---

## കയ്പററിയ പുസ്തകങ്ങൾ.

സിദ്ധഗീത, രാധാറാണി, അഷ്ടക മഞ്ജരി, ലണ്ടൻ കൊട്ടാരത്തിലെ രഹസ്യങ്ങൾ, വിനോദകടങ്കഥകൾ, സ്തവരത്നമാല, ദയാനന്ദസരസ്വതി എന്നിവയെപ്പററിയും ഞങ്ങളുടെ ചില മാററപ്പത്രങ്ങളെപ്പററിയും അഭിപ്രായം വഴിയെ.

ബുദ്ധചരിതം, റോഷനാര, വിമനൻ മുതലായവ അടുത്ത ലക്കത്തിൽ തുടരുന്നതാണ്.

വി. പ.

---

* ഈ സംഭാവന ഇതുവരെ ചേർപ്പാൻ സാധിക്കാഞ്ഞതിൽ ഞങ്ങൾ വ്യസനിക്കുന്നു.

ശിവഗിരി ൧൦൯൬-ലെ തൈപ്പൂയം ഉത്സവത്തിന്റെ

# റിപ്പോർട്ട്.

---

സ്വാമിതൃപ്പാദങ്ങളിലെ ആജ്ഞാപ്രകാരം, ശിവഗിരിയിൽ ൧൦൯൬-ാമാണ്ട മകരമാസത്തിലെ പൂയം നക്ഷത്രം സംബന്ധിച്ച ൧൦ ദിവസത്തെ മഹോത്സവം നടത്തുന്നതിനെപ്പററി മുൻകൂട്ടി ആലോചിച്ച വേണ്ട വ്യവസ്ഥ ചെയ്യുന്നതിലേക്കായി മകരം ൧൮-ാംനു- സ്ഥലം സംസ്കൃത പാഠശാലയിൽവെച്ച തിരുവനന്തപുരം, ചിറയിൻകീഴ്, കൊല്ലം, കരുനാഗപ്പള്ളി മുതലായ സ്ഥലങ്ങളിലെ പല മാന്യ സമുദായാംഗങ്ങൾ ചേന്ന് ഒരു പൊതുയോഗംകൂടി. ആ യോഗത്തിന്റെ നിശ്ചയങ്ങളുംമററും എ അനുബന്ധമായി ചേൎത്തിരിക്കുന്നു.

നിശ്ചയപ്രകാരം വിഭജിച്ച സ്ഥലക്കാർ എല്ലാവരും ഒന്നുപോലെ വന്നു ചേരായ്കയാലും, അവരെവേണ്ടവണ്ണം ഉത്സാഹിപ്പിച്ചുകൂട്ടിനടത്തുന്നതിനു വേണ്ടത്ര സമയം ഇല്ലാതിരുന്നതിനാലും, ഉത്സവം വിചാരിച്ച കാലത്തിൽ തന്നെ കഴിയുന്നത്ര ഭംഗിയായി നടത്തേണ്ടതു ഒഴിച്ചുകൂടാത്തതാകയാലും, ചേൎന്നു വന്നിടത്തോളംഉള്ള ജനങ്ങളുടേയും, ദേവസ്വത്തിന്റേയും, ചിലവിന്മേലും, ഉത്സാഹത്തിലും മാത്രമാണു ഈ ആദ്യത്തെ മഹോത്സവം നടത്താൻ ഇടയായിട്ടുള്ളതു്. ഉത്സവത്തിന്റെ തരംതിരിവിലും ഈ കാരണത്താൽതന്നെ പൂൎത്തിയായി അനുഷ്ഠിക്കാൻ കഴിഞ്ഞിട്ടില്ല.

ആകെ ഉത്സവത്തിനുള്ള വരവുചിലവുകൾ ബി. അനുബന്ധമായി ചേൎത്തിരിക്കുന്ന കണക്കിൽനിന്നു അറിയാവുന്നതാണു്. ഉത്സവസംബന്ധമായ പിരിവുകളിൽനിന്നും ഗണ്യമായ ഒരു സംഖ്യ ദേവസ്വത്തിന്റെ അഭിവൃദ്ധിക്കായി ഉപയോഗിക്കാൻ ബാക്കിയുണ്ടാകുമെന്നുള്ള ഉദ്ദേശം ഇക്കുറി സാധിച്ചിട്ടില്ലെന്നു പറയേണ്ടിവരുന്നതിനാൽ വ്യസനിക്കുന്നു. ആകെ ൧൦ ദിവസത്തെ ഉത്സവത്തിന്നായി ൨൫൬൭– രൂ ൩ ണ– ച ൧൨– കാശ് ചിലവായിരിക്കുന്നതിൽ ൭൪൯–രൂ ക ൨൩– ചക്രം മാത്രമേ സംഭാവന പിരിഞ്ഞു കിട്ടിയതായിട്ടുള്ളൂ എന്നു ഈ കണക്കുകൊണ്ടു കാണാവുന്നതാണ്. ഈ പിരിവിന്റെ വിവരം, സി. അനുബന്ധമായി കൊടുത്തിരിക്കുന്ന പിരിവുലിസ്റ്റിൽനിന്നു കാണാം.

ഉത്സവാഘോഷത്തെപ്പററി ഏററവും ചുരുക്കമായി, ധനു മകരമാസങ്ങളിലെ വിവേകോദയം ഒന്നായിപ്പുറപ്പെട്ട പുസ്തകത്തിൽകാണുന്ന വിവരം യഥാർത്ഥത്തെ സൂചിപ്പിക്കുന്നതാകയാൽ താഴേ പകൎത്തുന്നു.

വക്കല ശിവഗിരി പൂയം ഉത്സവം മകരം ൧൮-ാംനു- കൊടിയേറി ൨൭-ാംനു-അതി കേമമായ വിധത്തിൽ കൊണ്ടാടിയിരിക്കുന്നു. ഓരോദിവസ

ത്തെ ഉത്സവം ഓരോ സ്ഥലക്കാർ നടത്തുവാൻ ഉണ്ടായിരുന്ന ഏർപ്പാട് സമയ ചുരുക്കത്താൽ പൂർത്തിയായി സാധിച്ചില്ലെങ്കിലും ചിറയിൻകീഴ്, കൊല്ലം ഈ താലൂക്കുകളിൽ ഉള്ള പല സ്ഥലങ്ങളിൽ നിന്നും ജനങ്ങൾ സഹായിക്കയും സന്നിഹിതരായിരുന്നു ഉത്സവം നടത്തുകയും നടത്തിയ്ക്കുകയും ചെയ്തു. അമ്പലപ്പുഴ, കരുനാഗപ്പള്ളി ഈ സ്ഥലങ്ങളിൽ നിന്നു അനേകം കാവടികൾ അഭിഷേകത്തിന്നു വന്നിരുന്നു. ഇത്ര ക്ഷേമമായ ഒരു ആറാട്ടു അടുത്ത സ്ഥലങ്ങളിൽ എങ്ങും നടന്നിട്ടില്ലെന്നുള്ളതു് സർവ്വസമ്മതമായിരിക്കുന്നു. ഉത്സവത്തെപ്പററി ദേവസ്വം സിക്രട്ടറി പ്രത്യേകം ഒരു റിപ്പോർട്ടു ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

ഉത്സവം കഴിഞ്ഞ ഉടനേതന്നേ ഈ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്താൻ സ്വന്തമായ പല അസൌകര്യങ്ങളാൽ സാധിക്കാഞ്ഞതിനാൽ ഇത്ര താമസിച്ചുപോയതാണു്. ഈ താമസത്തെ മാന്യ സ്വജനങ്ങൾ ദയചെയ്തു ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

യോഗം ജനറൽ സിക്രട്ടറി അവർകളും ഞാനും കൊടിയേററിന്നു ഏതാനും ദിവസം മുൻകൂട്ടിതന്നെ ശിവഗിരിയിൽ ഹാജരായി താമസിക്കുകയും വേണ്ട ഒരുക്കങ്ങൾ എല്ലാം കാലേകൂട്ടി ചെയ്കയും ചെയ്തുകൊണ്ടിരുന്നു. മകരം ൨൦-ാംനു ഉച്ചതിരിഞ്ഞു അഞ്ചുതെങ്ങു കായിക്കര, നെടുങ്ങണ്ട മുതലായ സ്ഥലങ്ങളിലെ മാന്യന്മാരും വക്കം സ്വദേശികളും വന്നു ചേരുകയും വൈകുന്നേരം ൫ മണിയോടുകൂടി വാദ്യഘോഷസഹിതം കൊടിമരം പിഴുതുകൊണ്ടു വരികയും ചെയ്തു. രാത്രി ശുഭമുഹൂർത്തത്തിൽ കൊടിയേററു ഭംഗിയായി കഴിഞ്ഞു.

രണ്ടാം ഉത്സവത്തിന്നു നെടുങ്ങണ്ടയിൽ നിന്നു ൨-ാം നമ്പ്ര ലിസ്റ്റിൽ കാണുന്ന പിരിവു എത്തിച്ചു തരികയും പലമാന്യന്മാരും സന്നിഹിതരായിരിക്കയും ചെയ്തു. മൂന്നാം ഉത്സവത്തിന്നുള്ള കായിക്കര അഞ്ചുതെങ്ങു ഈ ദേശക്കാരുടെ ൩-ാം നംപർ ലിസ്റ്റിൻ പടിയുള്ള പണവും യഥാസമയം വന്നു ചേർന്നിരുന്നു. ശേഷം ദിവസത്തെ ഉത്സവങ്ങൾ മിക്കവാറും പണം ആളുകളെ അയച്ചു പിരിവു നടത്തിയും കയ്യിൽ നിന്നു മുൻകൂറു ഇറക്കിയും മററുമാണു നടത്താൻ ഇടയായിട്ടുള്ളതു്. വക്കലക്കാരുടെ പിരിവു ൪-ാം നമ്പർ ലിസ്റ്റായി ചേർത്തിരിക്കുന്നു. ൫-ാം നമ്പർ ലിസ്റ്റിൽ മററു പല വക പിരിവുകൾ അടങ്ങിയിരിക്കുന്നു.

കൊടിയേററു മുതൽ ൯-ാം ഉത്സവംവരെ ഒരു ആനയും അതുമുതൽ പള്ളിവേട്ടവരെ രണ്ടു ആനയും കോപ്പുകളും എല്ലാപ്രധാന സംഗതികൾക്കും ഉപയോഗിച്ചിരുന്നു. ശീവേലി എഴുന്നെള്ളത്തും വിളക്കുകളും ഭംഗിയായി നടത്തിവന്നിരുന്നു. രാത്രി സമയങ്ങളിൽ വിനോദത്തിന്നായി പലപ്പോഴും ഭജനം, സദിർ, മുതലായതും കായികാഭ്യാസങ്ങളും ചില രാത്രികളിൽ കഥകളിയും നടത്തിയിരുന്നു. വൈകുന്നേരം ചിലപ്പോൾ മതപ്രസംഗങ്ങളും ഉണ്ടായിരുന്നു. ക്ഷേത്രത്തിൽ വിശേഷാൽ അതിഥികൾക്കും ബ്രഹ്മചാരികൾക്കും

ഭോജനാദിഷാ സദ്യയും നടത്തിയിരുന്നു. സ്വാമിതൃപ്പാദങ്ങളിലെ പടം ആശ്രമത്തിൽ എഴുന്നെള്ളിച്ചുവെച്ചു ദിവസേന ഗുരുപൂജയും ഭക്തിപൂർവമായും ഭംഗിയായും നടത്തിയിരുന്നു.

൨൩-ാംനു- രാത്രി ൧൦ മണിക്കുള്ള പള്ളിവേട്ട എഴുന്നെള്ളത്തു കാണ്മാൻ നാനാദേശങ്ങളിൽ നിന്നു അനവധി ആളുകൾ വന്നുചേന്നിരുന്നു. ശിവഗിരിക്കു വടക്കു വശം കുറേ അകലേ ഉള്ള ദേവസ്വം പറമ്പിനു സമീപം തോട്ടിന്റെ തീരത്തുള്ള പള്ളിവേട്ടസ്ഥലത്തു നിന്നു രാത്രി ഗ്യാസ് വിളക്കുകൾ, തീവെട്ടികൾ, മുതലായ ദീപങ്ങളും പൊന്നും തലെക്കെട്ടും കുട ആലവട്ടം മുതലായവയോടുകൂടി രണ്ടാനപ്പുറത്തുള്ള എഴുന്നെള്ളത്തും, ഇടയ്ക്കിടെയുള്ള തീക്കളികളും വളരെ മന്ദമായി പുറപ്പെട്ടു മലമുകളിൽ ക്ഷേത്രത്തിൽ എത്തി പ്രദക്ഷിണം ചെയ്തു കഴിഞ്ഞപ്പോൾ മണി ൧-നുമേൽ ആകും. പള്ളിവേട്ട ഉത്സവത്തെപ്പററി കാണികൾക്കും പ്രവത്തകന്മാക്കും ഒന്നുപോലെ നല്ല അഭിപ്രായമായിരുന്നു.

൨൪ ാംനു- പ്രഭാതം മുതൽ, ശീവേലികൾ, ഗുരുപൂജ, കാവടി അഭിഷേകം, ഭജനം, മതപ്രസംഗങ്ങൾ ഇവ പ്രത്യേകകാൎയ്യപരിപാടി അനുസരിച്ചായിരുന്നു നടത്തിയതു്. കാൎയ്യപരിപാടിയുടെ ഒരു പ്രതി ഡി അനുബന്ധമായി ചേത്തിരിക്കുന്നു. പകലത്തെ ഉത്സവത്തിൽ കാവടി അഭിഷേകം പ്രസ്താവയോഗ്യമാണു്.

൪ മണിക്കു ആറാട്ടുപുറപ്പെട്ടു് സ്വാമി തൃപ്പാദങ്ങളുടെ വലിയ എണ്ണച്ഛായപ്പടം മനോഹരമായ ഒരു ശപ്രത്തിന്മേൽ അലങ്കരിച്ചുവെച്ചു ഭക്തന്മാർ
രണ്ടു പ്രധാന ആളുകൾ തോളിൽ എടുത്തിരുന്നു. അതിന്റെ മുമ്പാകെ സ
ന്യാസികളും ബ്രഹ്മചാരികളും രണ്ടുവരിയായി നിന്നു സ്തോത്രങ്ങൾ ചൊല്ലിക്കൊ
ണ്ടു മുമ്പേ മന്ദമായി നടന്നു. അതിനെ തുടൎന്നു രണ്ടുവരിയായി അനേകം
സ്ത്രീകൾ കൊടികൾ ധരിച്ചുകൊണ്ടും അതിന്റെ മുന്നണിയിൽ യോ
ഗം ജനറൽ സിക്രട്ടറിയും, ഒരു കൊടിപിടിച്ചു കൊണ്ടു ഈ മഹാഘോഷയാ
ത്രയുടെ മുമ്പേനടന്നു അതിനെ തുടൎന്നു ക്ഷേത്രവകയായും തൽക്കാലത്തേക്കു
ള്ളതായുമുള്ള അനേകം ശപ്രങ്ങളും ദേവതാവിഗ്രഹങ്ങളും; അതിനെത്തുടൎന്നു
കൊടി വിളക്കുമുതലായ ഉപചാരങ്ങളോടുകൂടി മൂന്നാനപ്പുറത്തുള്ള എഴുന്നെ
ള്ളത്തും നടന്നു ശിവഗിരിയിൽ നിന്നു ൩ മൈൽ അകലെ സമുദ്രതീരത്തു
ള്ള പ്രസിദ്ധപ്പെട്ട വക്കല തീൎത്ഥസ്ഥലത്തു ചെന്നു കടലിൽ ആറാടാൻ മുൻകൂ
ട്ടി വേണ്ട ഒരുക്കങ്ങൾ എല്ലാം ചെയ്തിരുന്നു. ഈ അതിഘോഷമായ ഉത്സ
വം കാണ്മാൻ വന്നുകൂടിയിരുന്ന നാനാജാതിമതസ്ഥരായ പുരുഷാരങ്ങൾക്കു
കണക്കില്ലായിരുന്നു. സ്ഥലം പോലീസു ഇൻസ്പെക്ററും പോലീസുകാരും . മ
റവും മുൻകൂട്ടിതന്നെ വേണ്ട സഹായങ്ങൾ എല്ലാം ചെയ്വാൻ ഹാജരായിനി
ന്നിരുന്നു. എങ്കിലും സ്വാമി തൃപ്പാദങ്ങളുടെ കാരുണ്യത്താൽ അവരുടെ ആവ
ശ്യകത ഒന്നും കൂടാതെ തന്നെ ആ ഭയങ്കരമായ പുരുഷാരം യാതൊരു സമാ
ധാനഭംഗവും ചെയ്യാതെ നിശബ്ദമായും ഭക്തിപൂർവമായും ആറാട്ടിനെ അനു

ഗമിക്കയും കാഴ്ചകൾകണ്ടും കച്ചവടക്കാരുടെ സാമാനങ്ങൾ വാങ്ങിയും വിനോദിക്കയും കുളിച്ചു ക്ഷേത്രദർശനം ചെയ്തു സ്തോത്രങ്ങൾ കഥാപാരായണങ്ങൾ ഇവയിൽ ഏർപ്പെട്ടു സമയം കഴിക്കയും ചെയ്തുകൊണ്ടിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. ആറാട്ടു എഴുന്നെള്ളത്തു സമുദ്രതീരത്തു ൫ മണിയോടുകൂടി എത്തി, കർമ്മങ്ങൾ എല്ലാം കഴിഞ്ഞു രാത്രി ൯ മണിയോടുകൂടി മടങ്ങി എഴുന്നെള്ളത്താരംഭിച്ചു. ഒട്ടധികം തീവെട്ടികൾ ഗ്യാസ്സ് വിളക്കുകൾ തീക്കളികൾ എന്നിവയോടുകൂടി തിരിയെ ഉള്ള എഴുന്നെള്ളത്തു കാണ്മാൻ റോഡിന്റെ രണ്ടു വശവുമുള്ള പാറ ഇടകളിലും തുരപ്പിന്റെ മേലുള്ള മൈതാനത്തു ശിവഗിരി മലയിലും താഴ്വരകളിലും വയലിൽ മുഴുവനും കൂടിയിരുന്ന സ്ത്രീപുരുഷന്മാരായ ജനങ്ങൾക്കു കണക്കില്ലായിരുന്നു. പാണ്ടിക്കാരുടേയും നാട്ടുകാരുടേയും നാഗസ്വര പ്രയോഗം പലക്കും വളരെ സന്തോഷപ്രദമായിരുന്നു. എഴുന്നെള്ളത്തു അതിമന്ദമായി നടന്നു തിരികെ ക്ഷേത്രത്തിൽ എത്തിയപ്പോൾ രാത്രി മണി പത്തുകഴിഞ്ഞു. മൂന്നരമണിയോടുകൂടി കൊടിയിറങ്ങി. രാത്രിമുഴുവൻ കഥകളിമുതലായ വിനോദങ്ങളും അതിമനോഹരമായ തീക്കളികളും ഉണ്ടായിരുന്നു.

വാദ്യക്കാർ, അടിച്ചുതളിക്കാർ, പാണന്മാർ, വണ്ണാൻ, ഊരാളി മുതലായവർക്കു പടിത്തരം ഏർപ്പെടുത്തുന്നതിനേയും ഉത്സവം വക വരവു ചിലവു കളേയും പററിയുള്ള സംഗതികളെ സംബന്ധിച്ചു ൯൭-ാം- കാലത്തു ഹാജരുണ്ടായിരുന്ന പല മാന്യന്മാരുമായി ഒരു യോഗം നടത്തി ആലോചിച്ചിരുന്നു. കണക്കുകൾ എല്ലാം അപ്പോൾ തന്നേ അവരെ കേൾപ്പിച്ചിട്ടുണ്ടായിരുന്നു. പടിത്തരങ്ങളെപ്പററി ചെയ്ത തീർച്ചകൾ പൂർത്തിയായിട്ടില്ലെങ്കിലും ആ ഇടപാടുകൾ എല്ലാം തൽക്കാലം ഒരു വ്യവസ്ഥയനുസരിച്ചു കൊടുത്തു തീർത്തിട്ടുള്ളതു കുറിച്ചുവെച്ചിട്ടുണ്ട്.

പണം വേണ്ടിടത്തോളം പിരിഞ്ഞു കിട്ടീട്ടില്ലെങ്കിലും സംഗതികൾ എല്ലാം ഇത്രഭംഗിയാകുന്നതിനായി കായികമായും മാനസികമായും യത്നിച്ച ചിറയിൻകീഴ്, കൊല്ലം ഈ താലൂക്കിലെ പല മാന്യന്മാക്കും, കരുനാഗപ്പള്ളി അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിൽ നിന്നു അനേകം കാവടികൾ കെട്ടി കൊണ്ടുവന്നു അഭിഷേകം കഴിച്ച സ്വാമിഭക്തന്മാക്കും പ്രത്യേകം നന്ദി പറയേണ്ടിയിരിക്കുന്നു. അടുത്ത ഉത്സവത്തിനു കാവടികൾ പല ദിക്കുകളിൽ നിന്നും അധികം വരത്തക്കവണ്ണം ഈ ഒടുവിൽ പറഞ്ഞ യോഗ്യരിൽ പലരും ഏററിട്ടുള്ള സംഗതികൂടി ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

അടുത്ത കൊല്ലത്തെ ഉത്സവത്തിനു മുൻകൂട്ടി ഇതിനെക്കാൾ തൃപ്തികരമായ വ്യവസ്ഥകൾ ചെയ്യേണ്ടതാണെന്നും ഓരോ ദിവസത്തേയും ഉത്സവം നടത്താൻ ഏല്ക്കുന്ന ആളുകൾ വന്നിരുന്നു അവരവർ പിരിച്ചു കൊണ്ടുവരുന്ന പണം കൊണ്ടുതന്നേ ഉത്സവം നടത്തുന്നതു നന്നായിരിക്കുമെന്നും ഈ കൊല്ലത്തെ അനുഭവത്തെ അടിസ്ഥാനമാക്കി സൂചിപ്പിച്ചു കൊള്ളുന്നു

ക്ഷേത്രത്തിൽ ഉത്സവത്തിന്ന വന്നുകൂടുന്ന ആളുകൾ കാണിക്കയിടുന്ന കാൎയ്യത്തിൽ വേണ്ടുംവണ്ണം ദൃഷ്ടിവെയ്ക്കുന്നില്ലെന്നും ഉത്സവദിവസം കൂടിയ പുരുഷാരത്തിന്റെ വലിപ്പത്തെയും അന്നത്തെ നടവരവിന്റെ നിസ്സാരതയേയും പററി ആലോചിച്ചാൽ അറിയാവുന്നതാകുന്നു. ശിവഗിരിയിലെ ഉത്സവം സമുദായത്തിന്ന മതഭക്തിയും ഐകമത്യവും, സമുദായാഭിമാനവും ഉണ്ടാക്കാൻ ഉദ്ദേശിച്ചു സ്വാമിതൃപ്പാദങ്ങൾ ഏൎപ്പെടുത്തിട്ടുള്ളതാണെന്നും, കേവലം തമാശിന്നിടയുള്ളതല്ലെന്നുമുള്ള വസ്തുതകൂടി നല്ലവണ്ണം സകല സഹോദരന്മാരും, സഹോദരിമാരും ദയചെയ്തു വിചാരിക്കുമെന്നും വിശ്വസിക്കുന്നു. ഇങ്ങിനെ പറഞ്ഞതുകൊണ്ടു ആൎക്കും സ്വാമിഭക്തിയും സമുദായസ്നേഹവും ഇല്ലെന്ന അൎത്ഥമാക്കരുതെന്നു അപേക്ഷ. നേരെമറിച്ചു സ്വാമിഭക്തിയും സമുദായസ്നേഹവും മാത്രമായിരുന്നു ഈ മഹോത്സവത്തെ ചിലവായ പണം കൊണ്ടു സാധിക്കാവുന്നതിനേക്കാൾ പതിന്മടങ്ങു ഭംഗിയാക്കി തീൎത്തതെന്നുള്ള വസ്തുതയും ഇവിടെ പ്രസ്താവിച്ചു കൊള്ളുന്നു. എന്നാൽ ആ മഹാഗുണങ്ങളെ നാം ഇതിനേക്കാൾ ഗന്യവും സാരവുമായ വിധത്തിൽ മേലാൽ പ്രദൎശിപ്പിച്ചാൽ അതുകൊണ്ടു ദേവസ്വത്തിന്നും, സമുദായത്തിന്ന പൊതുവിലും ഗുണവും അഭിമാനവും അധികമുണ്ടാകുമെന്നു നാം സ്വാമിപ്രീതിക്കു അധികം പാത്രമായിത്തീരുമെന്നുള്ള വിശ്വാസത്താൽ മാത്രം പറയുന്നതാകുന്നു.

ഈ അവസരത്തിൽ പോലീസ് സംബന്ധമായും; ശുചീകരണ സംബന്ധമായും, വേണ്ട അന്വേഷണങ്ങളും സഹായങ്ങളും ചെയ്തുതന്നതിലേക്കായി പോലീസ് കമ്മിഷണർ അവർകൾക്കും, സാനിട്ടേറി കമ്മിഷണർ അവർകൾക്കും പ്രത്യേകം നന്ദി പറഞ്ഞു കൊള്ളുന്നു.

ഈ റിപ്പോൎട്ടിൽ വല്ലന്യൂനതകളും കാണുന്നു എങ്കിൽ സമുദായസ്നേഹികൾ പ്രത്യേകം ദയചെയ്തു ക്ഷമിക്കണമെന്നപേക്ഷിച്ചു കൊണ്ടു ഈ റിപ്പോൎട്ടു സവിനയം സമൎപ്പിക്കുന്നു.

ശിവഗിരിമഠം<br>
൧൦൯൯ൻ കൎക്കടകം ൩൦

ആർ. ഗോവിന്ദൻ ആശാൻ,<br>
ദേവസ്വം സിക്രട്ടറി,<br>
എസ്. എൻ. ഡി. പി. യോഗം

വർക്കല ശിവഗിരിയിൽ ൧൦൮൮-ൽ മകരം ൧൮-ാംനു- മുതൽ ൨൧-ാംനു- വരെ കഴിഞ്ഞ ഉത്സവം സംബന്ധിച്ച വരവുചിലവുകളെ കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

| വരവു വിവരം. | തുക. രൂ. | ച. | കാ. |
|---|---|---|---|
| സംഭാവന ... | 546 | 28 | .... |
| കാവടി അഭിഷേകം ... | 159 | .... | .... |
| തറ വാടക ... | 18 | .... | .... |
| മഹാദേവ ഭണ്ഡാരത്തിൽനിന്നും ... | 45 | 2 | .... |
| ശാരദാഭണ്ഡാരത്തിൽനിന്നും ... | 90 | 21 | 6 |
| അനാമത്തു ... | 8 | 28 | 3 |
| മുള, ഓല വിററവരവു ... | 1 | 1 | 8 |
| സ്റ്റോറിൽ ബാക്കിവന്ന എണ്ണയുടെ വിലവച്ചതാക ... | 15 | .... | ... |
| ആകെ ... | 884 | 24 | 1 |

| ചിലവു വിവരം. | തുക. രൂ. | ച. | കാ. |
|---|---|---|---|
| കടലാസ്സ്, സ്റ്റാമ്പു, അച്ചടി മുതലായതു ... | 27 | 2 | 15 |
| മരാമത്തു (തടി, ഓല, കൂലി മുതലായതു) ... | 153 | 24 | 7 |
| യാത്ര ചിലവു ... | 20 | 26 | 14 |
| കഥകളി, സദിർ മുതലായതു ... | 73 | 4 | .... |
| വിളക്കുവയ്പു മുതലായതിനു എണ്ണ. വാടകയും ... | 163 | 19 | 4 |
| കരിമരുന്നു ... | 63 | .... | .... |
| ആനയും അതിനുവേണ്ട പനയും മുതലായതിനു ... | 121 | 16 | 11 |
| ക്ഷേത്രത്തിലേക്കു (പൂജക്കു സാമാനം, തന്ത്രിമാൎക്കു ദക്ഷിണ മുതലായതു) ... | 98 | 8 | 8 |
| വാദ്യം ... | 72 | 16 | .... |
| ഭക്ഷണം ... | 70 | 7 | 2 |
| ബാക്കിവന്ന എണ്ണ വിററവരവു എഴുതിയതാക ചിലവെഴുതിയതു ... | 15 | .... | .... |
| ബാക്കിയിരിപ്പു ... | 5 | 14 | 4 |
| ആകെ ... | 884 | 24 | 1 |

ആർ. ഗോവിന്ദൻ ആശാൻ, (ഒപ്പ്)
മെമ്പ്രാസ് ഭൃത്യൻ.

മലയാളത്തിലെ ചില

# പ്രധാനമാസികകൾ.

---

## ധന്വന്തരി.

### മലയാളത്തിലെ ഏകവൈദ്യമാസിക.

അത്തമിത്തമല്ല വായിക്കേണ്ടതു്. ധന്വന്തരി വായിക്കണം. ശരീരം ഉണ്ടെങ്കിലെ മറ്റൊക്കെയുള്ളു. ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂ. ഇതു വായിച്ചു വേണ്ടവിധം പ്രവൃത്തിച്ചാൽ ആരോഗ്യം നിലനിർത്താം. ആയുസ്സിനെ വർദ്ധിപ്പിക്കാം.

ആരോഗ്യത്തിന്റെ രക്ഷയ്ക്കും ആയുസ്സിന്റെ ദൈർഘ്യത്തിനും അത്യാവശ്യമായ സകല വിഷയങ്ങളേയും പ്രതിപാദിക്കുന്ന ഏക മലയാള മാസിക. മുൻകൂർ വരിസംഖ്യ നാലുറുപ്പികമാത്രം.

പി. വി. കൃഷ്ണവാര്യർ—മാനേജിങ്ങ് പ്രൊപ്രൈററർ,
ധന്വന്തരി, കോട്ടയ്ക്കൽ—തെക്കെമലയാളം.

---

## ലക്ഷ്മീഭായി.

നാടുനീങ്ങിയ ആറിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ തിരുനാമ
ധേയസ്മാരകമായി, കേരളീയ സ്ത്രീകളുടെ പ്രത്യേകോപയോഗത്തിനുവേണ്ടി,
൧൦൮൨-മേടം മുതൽ മലയാളമാസം ൧൦-ാംനു- തോറും പ്രസിദ്ധപ്പെടുത്തി വ
രുന്നതു്. ഇതിൽ സ്ത്രീവിദ്യാഭ്യാസം, പാതിവ്രത്യം, ബാലപരിചരണം, ഗൃ
ഹിണീധർമ്മം, പാകശാസ്ത്രം, ഗർഭരക്ഷാക്രമം, രോഗീശുശ്രൂഷ മുതലായി സ്ത്രീ
കൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ട പല വിഷയങ്ങളെപ്പററിയുള്ള ലേഖന
ങ്ങൾ കഥകൾ, കവിതകൾ മുതലായതു പ്രസിദ്ധപ്പെടുത്തി വരുന്നുണ്ടു്.
വരിസംഖ്യ ൨ ക. മുങ്കൂർ അയച്ചോ ആദ്യം വരുന്ന ലക്കം വി. പി. ആ
യി അയയ്ക്കാൻ ആവശ്യപ്പെട്ടോ എഴുതി അയച്ചാൽ മതി.

അഞ്ചുവരിക്കാരെ ചേർത്ത അവരുടെ ഒരു കൊല്ലത്തെ വരിസംഖ്യ മുങ്കൂ
റായി അയച്ചുതരുന്നവൎക്കു വിലകൂടാതെ മാസികയോ രണ്ടുറുപ്പിക കമീഷ
നൊ ലക്ഷ്മീഭായി ഗ്രന്ഥാവലിയിൽ പെട്ട ൨ ക. വിലയ്ക്കുള്ള പുസ്തകമോ
കൊടുക്കുന്നതാണു്.

വെള്ളായ്ക്കൽ നാരായണമേനോൻ.
ലക്ഷ്മീഭായി മാനേജർ,
തൃശ്ശിവപേരൂർ,

# ലക്ഷ്മീവിലാസം.

ധനസംബന്ധമായ സകല വിഷയങ്ങളേയും പ്രതിപാദിക്കുന്ന ഏകമലയാളമാസിക.

ഈ മാസികയിൽ കൃഷി, കൈത്തൊഴിൽ, കച്ചവടം ഇവയുടെ സാധാരണ തത്വങ്ങൾ, ഇവയെ ഇന്ത്യയിലെ—പ്രത്യേകിച്ച് തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് മലബാർ ഉൾപ്പെടെയുള്ള കേരളത്തിലെ—സ്വാഭാവിക തത്വങ്ങൾക്കും സ്വാഭാവിക വിഭവങ്ങൾക്കും അനുസരിച്ചു നടത്തേണ്ട രീതികൾ മുതലായി നാട്ടിലെ ധനപുഷ്ടിക്കും ദാരിദ്ര്യനിവാരണത്തിന്നും ആവശ്യമുള്ള സകലവിഷയങ്ങളും സരസമായി പ്രതിപാദിക്കപ്പെടുന്നു. മുൻകൂറ വ॰സം മൂന്നുറുപ്പികമാത്രം.

പി. വി. കൃഷ്ണവാര്യർ—മാനേജിങ്ങ് പ്രൊപ്രൈററർ,
ലക്ഷ്മീവിലാസം, കോട്ടയ്ക്കൽ—തെക്കേമലയാളം.

---

# കവനകൌമുദി.

മലയാളത്തിലെ ഒന്നാമത്തെ പദ്യമാസിക.

കേരളത്തിൽ ഇന്നുള്ള മഹാകവികളുടെയെല്ലാം പ്രസന്നപ്രൌഢസരസങ്ങളായ കൃതികൾ മാത്രമേ ഇതിൽ കാണുകയുള്ളൂ.

ഇതിലുള്ളതെല്ലാം വിജ്ഞാനത്തിന്നും വിനോദത്തിന്നും ഒരുപോലെ ഉപകരിക്കുന്ന വിഷയങ്ങളായിരിക്കും.

ഇടയ്ക്കിടയ്ക്കു വിശേഷപ്പെട്ട ചില വിശേഷാൽ പ്രതികളുണ്ടായിരിക്കുന്നതും, വരിസംഖ്യ ബാക്കി വെക്കാത്തവൎക്കു അതൊക്കെ സൌജന്യമായി കൊടുക്കുന്നതുമാണ്. മുൻകൂറ വരിസംഖ്യ മൂന്നുറുപ്പികമാത്രം.

പി. വി. കൃഷ്ണവാര്യർ—മാനേജിങ്ങ് പ്രൊപ്രൈററർ,
കവനകൌമുദി, കോട്ടയ്ക്കൽ—തെക്കേമലയാളം.

---

# അധ്യാപകൻ.

വിദ്യാഭ്യാസ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഒരു മലയാള മാസിക. ഓരോ ലക്കത്തിലും ഡെമ്മി നാലിൽ, (വലിയതു്) ൨൪ പുറം ഉണ്ടായിരിക്കും. ഉപാധ്യായന്മാൎക്കും, ഉയൎന്ന ക്ലാസുകളിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്കും, കുട്ടികളുടെ രക്ഷാകൎത്താക്കന്മാൎക്കും അത്യന്തം ഉപയോഗപ്രദം. വിദ്യാഭ്യാസ വിഷയത്തോടു പ്രത്യേകം സംബന്ധമില്ലാത്തവൎക്കും ഇതിലെ ലേഖനങ്ങളിൽ പലതും രസപ്രദവും ഉപയോഗ പ്രദവും ആയിരിക്കും. വരി സംഖ്യ ആണ്ടൊന്നുക്കു മൂന്നു ബ്രി. രൂപാ മുൻകൂർ.

ജി. രാമൻമേനോൻ എം. ഏ. ഉടമസ്ഥൻ, "അധ്യാപകൻ"
തിരുവനന്തപുരം.